# ക്രിസ്തുവിനെ അനുഭമാക്കുകയും, ആസ്വദിക്കുകയും, ആവിഷ്കരിക്കുകയും ചെയ്യുക (3)

ദൂത് പതിനൊന്ന്

## നിത്യജീവന്റെ കൂട്ടായ്മ—ക്രിസ്തുവിന്റെ ശരീരത്തിൽ ജീവിക്കുന്നതിന്റെ യാഥാർഥ്യം

RA *Hymns*: ML120

തിരുവെഴുത്ത് വായന: 1 യോഹ. 1:1—2:2

1 യോഹ. 1:1 ആദിമുതലുള്ളതും, ഞങ്ങൾ കേട്ടതും, ഞങ്ങളുടെ കണ്ണുകൾ കൊണ്ട് കണ്ടതും, ഞങ്ങൾ നോക്കിയതും ഞങ്ങളുടെ കൈകൾ കൈകാര്യം ചെയ്തതുമായ, ജീവന്റെ വചനം സംബന്ധിച്ച്,

1 യോഹ. 1:2 (ജീവൻ വെളിവായി, പിതാവിനോടുകൂടെ ഉണ്ടായിരുന്നതും ഞങ്ങൾക്ക് വെളിവായതുമായ, നിത്യജീവനെ ഞങ്ങൾ കണ്ടിരിക്കുകയും നിങ്ങളോട് സാക്ഷ്യപ്പെടുത്തുകയും അറിയിക്കുകയും ചെയ്യുന്നു);

1 യോഹ. 1:3 ഞങ്ങൾ കണ്ടതും കേട്ടതും, നിങ്ങൾക്കു ഞങ്ങളോടുകൂടെ കൂട്ടായ്മ ഉണ്ടാകേണ്ടതിന് നിങ്ങളോട് അറിയിക്കുന്നു, ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടുകൂടെയും അവന്റെ പുത്രനായ യേശു ക്രിസ്തുവിനോടുകൂടെയും ആകുന്നു.

1 യോഹ. 1:4 ഞങ്ങളുടെ സന്തോഷം പൂർണമാകേണ്ടതിന് ഞങ്ങൾ ഈ കാര്യങ്ങൾ എഴുതുന്നു.

1 യോഹ. 1:5 ഇതു കൂടാതെ, ദൈവം വെളിച്ചം ആകുന്നു എന്നും അവനിൽ ഇരുട്ട് ഒട്ടുമില്ല എന്നും ഞങ്ങൾ അവനിൽനിന്നു കേട്ട് നിങ്ങളോട് അറിയിക്കുന്ന ദൂതാകുന്നു.

1 യോഹ. 1:6 നമുക്ക് അവനോടു കൂട്ടായ്മ ഉണ്ടെന്ന് പറയുകയും, എന്നാൽ ഇരുട്ടിൽ നടക്കുകയും ചെയ്യുന്നുവെങ്കിൽ, നാം കള്ളം പറയുന്നു, സത്യം അഭ്യസിക്കുന്നതുമില്ല.

1 യോഹ. 1:7 എന്നാൽ അവൻ വെളിച്ചത്തിൽ ആയിരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ, നമുക്ക് അന്യോന്യം കൂട്ടായ്മയുണ്ട്, അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപത്തിൽനിന്നും നമ്മെ ശുദ്ധീകരിക്കുന്നു.

1 യോഹ. 1:8 നമുക്ക് പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ, നാം നമ്മെത്തന്നെ വഞ്ചിക്കുന്നു, സത്യം നമ്മിൽ ഇല്ല.

1 യോഹ. 1:9 നാം നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ, നമ്മുടെ പാപങ്ങൾ ക്ഷമിച്ച്, സകല അനീതിയിൽനിന്നും നമ്മെ ശുദ്ധീകരിക്കുവാൻ അവൻ വിശ്വസ്തനും നീതിമാനും ആകുന്നു.

1 യോഹ. 1:10 നാം പാപം ചെയ്തിട്ടില്ല എന്നു പറയുന്നു എങ്കിൽ, നാം അവനെ അസത്യവാദിയാക്കുന്നു, അവന്റെ വചനം നമ്മിൽ ഇല്ല.

1 യോഹ. 2:1 എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ പാപം ചെയ്യാതിരിക്കേണ്ടതിന് ഞാൻ

ഈ കാര്യങ്ങൾ നിങ്ങൾക്ക് എഴുതുന്നു. ഒരുവൻ പാപം ചെയ്യുന്നുവെങ്കിലോ, നീതിമാനായ യേശു ക്രിസ്തു എന്ന കാര്യസ്ഥൻ നമുക്ക് പിതാവിന്റെ അടുക്കലുണ്ട്;

1 യോഹ. 2:2 അവൻതന്നെ നമ്മുടെ പാപങ്ങൾക്കുവേണ്ടിയുള്ള അനുനയം ആകുന്നു, നമ്മുടേതിനു മാത്രമല്ല സർവലോകത്തിലുള്ളവരുടേതിനുമത്രേ.

**I. യോഹന്നാന്റെ ലേഖനങ്ങൾ (പ്രത്യേകിച്ച് അവന്റെ ഒന്നാം ലേഖനം) നിത്യജീവന്റെ കൂട്ടായ്മയുടെ മർമം വെളിപ്പെടുത്തുന്നു—1 യോഹ. 1:3-4, 6-7:**

1 യോഹ. 1:3 ഞങ്ങൾ കണ്ടതും കേട്ടതും, നിങ്ങൾക്കു ഞങ്ങളോടുകൂടെ കൂട്ടായ്മ ഉണ്ടാകേണ്ടതിന് നിങ്ങളോട് അറിയിക്കുന്നു, ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടുകൂടെയും അവന്റെ പുത്രനായ യേശു ക്രിസ്തുവിനോടുകൂടെയും ആകുന്നു.

1 യോഹ. 1:4 ഞങ്ങളുടെ സന്തോഷം പൂർണമാകേണ്ടതിന് ഞങ്ങൾ ഈ കാര്യങ്ങൾ എഴുതുന്നു.

1 യോഹ. 1:6 നമുക്ക് അവനോടു കൂട്ടായ്മ ഉണ്ടെന്ന് പറയുകയും, എന്നാൽ ഇരുട്ടിൽ നടക്കുകയും ചെയ്യുന്നുവെങ്കിൽ, നാം കള്ളം പറയുന്നു, സത്യം അഭ്യസിക്കുന്നതുമില്ല.

1 യോഹ. 1:7 എന്നാൽ അവൻ വെളിച്ചത്തിൽ ആയിരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ, നമുക്ക് അന്യോന്യം കൂട്ടായ്മയുണ്ട്, അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപത്തിൽനിന്നും നമ്മെ ശുദ്ധീകരിക്കുന്നു.

A. പുതിയ യെരൂശലേമിൽ ജീവജലത്തിന്റെ ഒഴുക്കിനാൽ ഉദാഹരിച്ചിരിക്കുന്നതുപോലെ, എല്ലാ വിശ്വാസികളിലും ഉള്ള നിത്യജീവന്റെ ഒഴുക്കാണ് കൂട്ടായ്മ; ക്രിസ്തുവിന്റെ ശരീരത്തിന്റെ യാഥാർഥ്യമായ, യഥാർഥസ്ഥിതിയിലുള്ള സഭാജീവിതം, നമ്മുടെ ഉള്ളിലുള്ള കർത്താവായ യേശുവിന്റെ ഒഴുക്കാണ്, ഈ ഒഴുകുന്നവന് നമ്മുടെ ഉള്ളിൽ സർവോൽകൃഷ്ടത ഉണ്ടായിരിക്കണം—വാ. 2-4; വെളി. 22:1; കൊലൊ. 1:18; പ്ര.നി. യെഹെ. 47:1.

1 യോഹ. 1:2 (ജീവൻ വെളിവായി, പിതാവിനോടുകൂടെ ഉണ്ടായിരുന്നതും ഞങ്ങൾക്ക് വെളിവായതുമായ, നിത്യജീവനെ ഞങ്ങൾ കണ്ടിരിക്കുകയും നിങ്ങളോട് സാക്ഷ്യപ്പെടുത്തുകയും അറിയിക്കുകയും ചെയ്യുന്നു);

1 യോഹ. 1:3 ഞങ്ങൾ കണ്ടതും കേട്ടതും, നിങ്ങൾക്കു ഞങ്ങളോടുകൂടെ കൂട്ടായ്മ ഉണ്ടാകേണ്ടതിന് നിങ്ങളോട് അറിയിക്കുന്നു, ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടുകൂടെയും അവന്റെ പുത്രനായ യേശു ക്രിസ്തുവിനോടുകൂടെയും ആകുന്നു.

1 യോഹ. 1:4 ഞങ്ങളുടെ സന്തോഷം പൂർണമാകേണ്ടതിന് ഞങ്ങൾ ഈ കാര്യങ്ങൾ എഴുതുന്നു.

വെളി. 22:1 വീഥിയുടെ നടുവിൽ, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായ, പളുങ്കുപോലെ ശുഭ്രമായ, ജീവജല നദി അവൻ എന്നെ കാണിച്ചു.

കൊലൊ. 1:18 അവൻ സഭ എന്ന ശരീരത്തിന്റെ തലയാകുന്നു; അവൻതന്നെ

എല്ലാറ്റിലും ഒന്നാമത് ആകേണ്ടതിന്, അവൻ ആരംഭവും മരിച്ചവരിൽനിന്ന് ആദ്യജാതനും ആകുന്നു;

| | |
|---|---|
| യെഹെ. 47:1 | അവൻ എന്നെ ആലയത്തിന്റെ പ്രവേശനത്തിങ്കൽ മടക്കിക്കൊണ്ടുവന്നപ്പോൾ ആലയത്തിന്റെ ഉമ്മരപ്പടിയുടെ കീഴെനിന്നു വെള്ളം കിഴക്കോട്ടു പുറപ്പെടുന്നതു ഞാൻ കണ്ടു. ആലയത്തിന്റെ മുഖം കിഴക്കോട്ടല്ലോ; ആ വെള്ളം ആലയത്തിന്റെ വലത്തുഭാഗത്തു കീഴെനിന്നു യാഗപീഠത്തിന്നു തെക്കുവശമായി ഒഴുകി. |

B. കൂട്ടായ്മ ഒഴുകുന്ന ത്രിയേക ദൈവമാണ്—പിതാവ് ജീവന്റെ ഉറവയാണ്, പുത്രൻ ജീവന്റെ പ്രവാഹമാണ്, ആത്മാവ് ജീവന്റെ നദിയാണ്; ഈ ഒഴുക്ക് നിത്യജീവന്റെ ആകെത്തുകയായ പുതിയ യെരൂശലേമിൽ പരിണമിക്കുന്നു—യോഹന്നാൻ 4:14; വെളി. 22:1-2.

| | |
|---|---|
| യോഹ. 4:14b | ...എന്നാൽ ഞാൻ അവനു നൽകുവാൻ പോകുന്ന വെള്ളം അവനിൽ നിത്യജീവനിലേക്ക് പ്രവഹിച്ചുയരുന്ന നീരുറവയായിത്തീരും എന്ന് ഉത്തരം പറഞ്ഞു. |
| വെളി. 22:1 | വീഥിയുടെ നടുവിൽ, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായ, പളുങ്കുപോലെ ശുഭ്രമായ, ജീവജല നദി അവൻ എന്നെ കാണിച്ചു. |
| വെളി. 22:2 | നദിയുടെ ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉണ്ടായിരുന്നു, അത് പന്ത്രണ്ടു ഫലം പുറപ്പെടുവിച്ചുകൊണ്ട്, ഓരോ മാസവും അതിന്റെ ഫലം കായ്ക്കുന്നു; വൃക്ഷത്തിന്റെ ഇലകൾ, രാഷ്ട്രങ്ങളുടെ സൗഖ്യത്തിനു വേണ്ടിയാകുന്നു.. |

C. വിശ്വാസികൾക്ക് ഇന്നും നിത്യതയോളവും ആസ്വദിക്കുവാനുള്ള അവരുടെ നിസ്തുല ഓഹരിയും അനുഗ്രഹവുമെന്ന നിലയിൽ അവരിലേക്ക്—പിതാവും പുത്രനും ആത്മാവുമായ—ത്രിയേക ദൈവം പകരപ്പെടുന്നതാണ് കൂട്ടായ്മ—1 കൊരി. 1:9; 2 കൊരി. 13:14; സംഖ്യ. 6:22-27.

| | |
|---|---|
| 1 കൊരി. 1:9 | തന്റെ പുത്രനായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ കൂട്ടായ്മയിലേക്ക് തന്നിലൂടെ നിങ്ങളെ വിളിച്ച ദൈവം വിശ്വസ്തൻ. |
| 2 കൊരി. 13:14 | കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കട്ടെ. |
| സംഖ്യ. 6:22 | യഹോവ പിന്നെയും മോശെയോടു അരുളിച്ചെയ്തതു: |
| സംഖ്യ. 6:23 | നീ അഹരോനോടും പുത്രന്മാരോടും പറയേണ്ടതു: നിങ്ങൾ യിസ്രായേൽമക്കളെ അനുഗ്രഹിച്ചു ചൊല്ലേണ്ടതു എന്തെന്നാൽ: |
| സംഖ്യ. 6:24 | യഹോവ നിന്നെ അനുഗ്രഹിച്ചു കാക്കുമാറാകട്ടെ; |
| സംഖ്യ. 6:25 | യഹോവ തിരുമുഖം നിന്റെമേൽ പ്രകാശിപ്പിച്ചു നിന്നോടു കൃപയുള്ളവനാകട്ടെ; |
| സംഖ്യ. 6:26 | യഹോവ തിരുമുഖം നിന്റെമേൽ ഉയർത്തി നിനക്കു സമാധാനം നല്കുമാറാകട്ടെ. |

സംഖ്യ. 6:27 ഇങ്ങനെ അവർ യിസ്രായേൽമക്കളുടെ മേൽ എന്റെ നാമം വെക്കേണം; ഞാൻ അവരെ അനുഗ്രഹിക്കും.

D. കൂട്ടായ്മ എന്നത് സ്വകാര്യ താൽപ്പര്യങ്ങൾ ഉപേക്ഷിച്ച് ഒരു പ്രത്യേക പൊതു ഉദ്ദേശ്യത്തിനായി മറ്റുള്ളവരോട് യോജിക്കുന്നതിനെയാണ് സൂചിപ്പിക്കുന്നത്; അതിനാൽ, ദിവ്യ കൂട്ടായ്മയിൽ ആയിരിക്കുക എന്നാൽ നമ്മുടെ സ്വകാര്യ താൽപ്പര്യങ്ങൾ മാറ്റിവെച്ച് ദൈവത്തിന്റെ ഉദ്ദേശ്യം നിറവേറ്റുന്നതിനായി അപ്പൊസ്തലന്മാരോടും ത്രിയേക ദൈവത്തോടും യോജിക്കുന്നതാണ്—പ്രവൃ. 2:42; 1 യോഹ. 1:3.

പ്രവൃ. 2:42 അവർ അപ്പൊസ്തലന്മാരുടെ ഉപദേശത്തിലും കൂട്ടായ്മയിലും, അപ്പം നുറുക്കലിലും പ്രാർഥനകളിലും ദൃഢചിത്തരായി തുടർന്നുകൊണ്ടിരുന്നു.

1 യോഹ. 1:3 ഞങ്ങൾ കണ്ടതും കേട്ടതും, നിങ്ങൾക്കു ഞങ്ങളോടുകൂടെ കൂട്ടായ്മ ഉണ്ടാകേണ്ടതിന് നിങ്ങളോട് അറിയിക്കുന്നു, ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടുകൂടെയും അവന്റെ പുത്രനായ യേശു ക്രിസ്തുവിനോടുകൂടെയും ആകുന്നു.

E. കൂട്ടായ്മ ഉപദേശത്തിൽനിന്നും വരുന്നു; നാം തെറ്റായും, അപ്പൊസ്തലന്മാരുടെ ഉപദേശത്തിൽനിന്ന്, ദൈവത്തിന്റെ വ്യവസ്ഥയെക്കുറിച്ചുള്ള ഉപദേശത്തിൽനിന്ന് വ്യത്യസ്തമായും പഠിപ്പിക്കുന്നുവെങ്കിൽ, നമ്മുടെ ഉപദേശം വിഭാഗീയവും ഭിന്നിപ്പിക്കുന്നതുമായ ഒരു കൂട്ടായ്മ ഉളവാക്കും—പ്രവൃ. 2:42; 1 തിമൊ. 1:3-6; 6:3-4; 2 കൊരി. 3:8-9; 5:18.

പ്രവൃ. 2:42 അവർ അപ്പൊസ്തലന്മാരുടെ ഉപദേശത്തിലും കൂട്ടായ്മയിലും, അപ്പം നുറുക്കലിലും പ്രാർഥനകളിലും ദൃഢചിത്തരായി തുടർന്നുകൊണ്ടിരുന്നു.

1 തിമൊ. 1:3 ഞാൻ മക്കെദോന്യയിലേക്കു പോകുമ്പോൾ ചിലരോട് വ്യത്യസ്ത കാര്യങ്ങൾ ഉപദേശിക്കരുതെന്നും,

1 തിമൊ. 1:4 വിശ്വാസത്തിലുള്ള ദൈവവ്യവസ്ഥയെക്കാൾ ചോദ്യംചെയ്യലുകൾ ഉളവാക്കുന്ന കെട്ടുകഥകൾക്കും അന്തമില്ലാത്ത വംശാവലികൾക്കും ശ്രദ്ധ കൊടുക്കരുതെന്നും ആജ്ഞാപിക്കേണ്ടതിന് നീ എഫെസൊസിൽ തുടരുവാൻ ഞാൻ നിന്നെ പ്രബോധിപ്പിച്ചതു പോലെ തന്നെ.

1 തിമൊ. 1:5 എന്നാൽ ആജ്ഞയുടെ ഉദ്ദേശ്യം ശുദ്ധ ഹൃദയത്തിൽനിന്നും നല്ല മനസ്സാക്ഷിയിൽനിന്നും നിർവ്യാജ വിശ്വാസത്തിൽനിന്നും ഉളവാകുന്ന സ്നേഹമാകുന്നു;

1 തിമൊ. 1:6 ഇവയിൽ നിന്ന് ചിലർ, ലക്ഷ്യം തെറ്റി, വ്യർഥ സംസാരത്തിലേക്കു തിരിഞ്ഞുപോയിരിക്കുന്നു,

1 തിമൊ. 6:3 ഒരുവൻ വ്യത്യസ്ത കാര്യങ്ങൾ ഉപദേശിക്കുകയും നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ പഥ്യവചനങ്ങളോടും ദൈവികതയ്ക്ക് ഒത്തവണ്ണമുള്ള ഉപദേശത്തോടും യോജിക്കാതെയിരുന്നാൽ,

1 തിമൊ. 6:4 അവൻ ഒന്നും ഗ്രഹിക്കാതെ, നിഗളത്താൽ കുരുടനാക്കപ്പെട്ട്, ചോദ്യംചെയ്യലുകളാലും വാഗ്വാദങ്ങളാലും രോഗം പിടിച്ചിരിക്കുന്നു, അവയിൽ നിന്ന് അസൂയ, പോര്,

ദൂഷണങ്ങൾ, ദുശങ്കകൾ,

2 കൊരി. 3:8 ആത്മാവിന്റെ ശുശ്രൂഷ എങ്ങനെ അധികം തേജസ്സിൽ അല്ലാതിരിക്കും?

2 കൊരി. 3:9 ശിക്ഷാവിധിയുടെ ശുശ്രൂഷയിൽ തേജസ്സുണ്ടെങ്കിൽ, അതിലധികമായി നീതിയുടെ ശുശ്രൂഷ തേജസ്സുകൊണ്ട് സമൃദ്ധമാകുന്നു.

2 കൊരി. 5:18 എന്നാൽ സകലവും ദൈവത്തിൽനിന്നാകുന്നു, അവൻ ക്രിസ്തുവിലൂടെ നമ്മെ തന്നോടുതന്നെ നിരപ്പിച്ചിട്ട് നിരപ്പിന്റെ ശുശ്രൂഷ ഞങ്ങൾക്ക് നൽകിയിരിക്കുന്നു.

F. 1 യോഹന്നാൻ ദിവ്യ കൂട്ടായ്മയുടെ തത്വങ്ങളെ വെളിപ്പെടുത്തുന്നു, 2 യോഹന്നാൻ ക്രിസ്തുവിനെ നിഷേധിക്കുന്നവരുമായി നമുക്ക് യാതൊരു കൂട്ടായ്മയും ഉണ്ടായിരിക്കരുതെന്ന് വെളിപ്പെടുത്തുന്നു (വാ. 7-11), 3 യോഹന്നാൻ സുവിശേഷത്തിനും വചനശുശ്രൂഷയ്ക്കും വേണ്ടി യാത്ര ചെയ്യുന്നവരെ ദൈവത്തിന് യോഗ്യമായ വിധത്തിൽ മുന്നോട്ട് അയച്ചുകൊണ്ടും സഭയിൽ ഒന്നാമനാകാൻ ആഗ്രഹിക്കാതെയും ദൈവത്തിന്റെ കുടുംബത്തിലെ ഏക കൂട്ടായ്മയിൽ നാം തുടരണമെന്ന് വെളിപ്പെടുത്തുന്നു (വാ. 5-10).

2 യോഹ. 1:7 യേശു ക്രിസ്തു ജഡത്തിൽ വന്നു എന്ന് ഏറ്റുപറയാത്ത അനേകം വഞ്ചകന്മാർ ലോകത്തിലേക്ക് പുറപ്പെട്ടു. വഞ്ചകനും എതിർക്രിസ്തുവും ഇതാകുന്നു.

2 യോഹ. 1:8 ഞങ്ങൾ പണിതുചേർത്ത കാര്യങ്ങളെ നഷ്ടമാക്കാതെ, നിങ്ങൾ പൂർണ പ്രതിഫലം പ്രാപിക്കേണ്ടതിന്, നിങ്ങളെത്തന്നെ നോക്കിക്കൊള്ളുവിൻ.

2 യോഹ. 1:9 ക്രിസ്തുവിന്റെ ഉപദേശത്തിൽ വസിക്കാതെ അതിർ കടന്നുപോകുന്ന ഒരുവനും ദൈവമില്ല; ഉപദേശത്തിൽ വസിക്കുന്നവന് പിതാവും പുത്രനും ഉണ്ട്.

2 യോഹ. 1:10 ഈ ഉപദേശം കൊണ്ടല്ലാതെ ആരെങ്കിലും നിങ്ങളുടെ അടുക്കൽ വരുന്നു എങ്കിൽ, അവനെ നിങ്ങളുടെ ഭവനത്തിലേക്കു സ്വീകരിക്കരുത്, അവനോട്, സന്തോഷിക്കുവിൻ എന്നു പറയുകയുമരുത്.

2 യോഹ. 1:11 അവനോട്, സന്തോഷിക്കുവിൻ എന്നു പറയുന്നവൻ അവന്റെ ദുഷ്പ്രവൃത്തികളിൽ പങ്കുകൊള്ളുന്നു.

3 യോഹ. 1:5 പ്രിയനേ, നീ സഹോദരന്മാർക്കുവേണ്ടി, അതും അപരിചിതർക്കു വേണ്ടി, എന്തു വേലചെയ്താലും വിശ്വസ്തതയോടെ ചെയ്യുന്നു.

3 യോഹ. 1:6 അവർ സഭയുടെ മുമ്പാകെ നിന്റെ സ്നേഹത്തെ സാക്ഷ്യപ്പെടുത്തി; അവരെ ദൈവത്തിനു യോഗ്യമാം വിധത്തിൽ മുമ്പോട്ട് അയയ്ക്കുന്നതിൽ നീ നന്നായി ചെയ്യും;

3 യോഹ. 1:7 ആ നാമം നിമിത്തമല്ലോ ജാതികളിൽനിന്ന് ഒന്നും സ്വീകരിക്കാതെ അവർ പുറപ്പെട്ടുപോയത്.

3 യോഹ. 1:8 അതുകൊണ്ട് നാം സത്യത്തിലുള്ള കൂട്ടുവേലക്കാർ ആകേണ്ടതിന് ഇങ്ങനെയുള്ളവരെ താങ്ങേണ്ടതാകുന്നു.

3 യോഹ. 1:9 ഞാൻ സഭയ്ക്ക് ഒന്നെഴുതിയിരുന്നു, എന്നാൽ അവരുടെ

ഇടയിൽ ഒന്നാമനാകുവാൻ ആഗ്രഹിക്കുന്ന ദിയൊത്രെഫേസ് ഞങ്ങളെ കൈക്കൊള്ളുന്നില്ല.

3 യോഹ. 1:10 ഇക്കാരണത്താൽ, ഞാൻ വന്നാൽ, ഞങ്ങൾക്കെതിരെ ദുഷ്ട വാക്കുകൾ പുലമ്പിക്കൊണ്ട് അവൻ ചെയ്യുന്ന വേലയെ ഞാൻ ഓർമപ്പെടുത്തും; ഇവ പോരാഞ്ഞിട്ട്, അവൻ താൻതന്നെ സഹോദരന്മാരെ കൈക്കൊള്ളുന്നുമില്ല, കൈക്കൊള്ളുവാൻ ഇച്ഛിക്കുന്നവരെ വിലക്കുകയും സഭയിൽനിന്ന് പുറത്താക്കുകയും ചെയ്യുന്നു.

**II. നിത്യജീവന്റെ കൂട്ടായ്മ എന്നത് ആത്മാവിന്റെ ഒരുമയിൽ ക്രിസ്തുവിന്റെ ശരീരത്തിൽ ജീവിക്കുന്നതിന്റെ യാഥാർഥ്യമാണ്—1 കൊരി. 10:16-18; പ്രവൃ. 2:42; എഫെ. 4:3:**

1 കൊരി. 10:16 നാം അനുഗ്രഹിക്കുന്ന അനുഗ്രഹത്തിന്റെ പാനപാത്രം, ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മ അല്ലയോ? നാം നുറുക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മ അല്ലയോ?

1 കൊരി. 10:17 അപ്പം ഒന്നാണെന്നു കാണുന്നതുകൊണ്ട്, പലരായ നാം ഒരു ശരീരം ആകുന്നു; നാം എല്ലാവരും ഒരു അപ്പത്തിൽനിന്നു പങ്കുകൊള്ളുന്നുവല്ലോ.

1 കൊരി. 10:18 ജഡപ്രകാരമുള്ള യിസ്രായേലിനെ നോക്കുവിൻ. യാഗങ്ങൾ ഭക്ഷിക്കുന്നവർ യാഗപീഠവുമായി കൂട്ടായ്മ ഉള്ളവരല്ലയോ?

പ്രവൃ. 2:42 അവർ അപ്പൊസ്തലന്മാരുടെ ഉപദേശത്തിലും കൂട്ടായ്മയിലും, അപ്പം നുറുക്കലിലും പ്രാർഥനകളിലും ദൃഢചിത്തരായി തുടർന്നുകൊണ്ടിരുന്നു.

എഫെ. 4:3 ആത്മാവിന്റെ ഒരുമ സമാധാനത്തിന്റെ ഏകീകരണ ബന്ധത്തിൽ കാക്കുവാൻ ശുഷ്കാന്തിയുള്ളവരായിരുന്നുകൊണ്ട് തന്നെ:

A. ദിവ്യാത്മാവായ പരിശുദ്ധാത്മാവിനാൽ നാം ദിവ്യ കൂട്ടായ്മയുടെ ലംബമായ വശത്തിലേക്ക് പ്രവേശിക്കുന്നു; കൂട്ടായ്മയുടെ ഈ വശം സൂചിപ്പിക്കുന്നത് ത്രിയേക ദൈവത്തെ നാം സ്നേഹിക്കുന്നതിൽ അവനുമായി നമുക്കുള്ള കൂട്ടായ്മയാണ്—2 കൊരി. 13:14; 1 യോഹ. 1:3, 6; മർക്കൊ. 12:30.

2 കൊരി. 13:14 കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കട്ടെ.

1 യോഹ. 1:3 ഞങ്ങൾ കണ്ടതും കേട്ടതും, നിങ്ങൾക്കു ഞങ്ങളോടുകൂടെ കൂട്ടായ്മ ഉണ്ടാകേണ്ടതിന് നിങ്ങളോട് അറിയിക്കുന്നു, ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടുകൂടെയും അവന്റെ പുത്രനായ യേശു ക്രിസ്തുവിനോടുകൂടെയും ആകുന്നു.

1 യോഹ. 1:6 നമുക്ക് അവനോടു കൂട്ടായ്മ ഉണ്ടെന്ന് പറയുകയും, എന്നാൽ ഇരുട്ടിൽ നടക്കുകയും ചെയ്യുന്നുവെങ്കിൽ, നാം കള്ളം പറയുന്നു, സത്യം അഭ്യസിക്കുന്നതുമില്ല.

മർക്കൊ. 12:30 നിന്റെ ദൈവമായ കർത്താവിനെ നിന്റെ പൂർണ ഹൃദയത്തിൽനിന്നും, നിന്റെ പൂർണ ദേഹിയിൽനിന്നും, നിന്റെ

പൂർണ മനസ്സിൽനിന്നും, നിന്റെ പൂർണ ശക്തിയിൽനിന്നും, നീ സ്നേഹിക്കേണം."

B. മനുഷ്യാത്മാവിലൂടെ നാം ദിവ്യ കൂട്ടായ്മയുടെ തിരശ്ചീന വശത്തിലേക്ക് പ്രവേശിക്കുന്നു; കൂട്ടായ്മയുടെ ഈ വശം, അന്യോന്യം സ്നേഹിക്കുന്നതിൽ നമ്മുടെ ആത്മാവിനെ പ്രയോഗിക്കുന്നതിനാലുള്ള നമ്മുടെ പരസ്പര കൂട്ടായ്മയെ സൂചിപ്പിക്കുന്നു—ഫിലി. 2:1; വെളി. 1:10; 1 യോഹ. 1:2-3, 7; 1 കൊരി. 16:18; മർക്കൊ. 12:31; റോമ. 13:8-10; ഗലാ. 5:13-15.

| | |
|---|---|
| ഫിലി. 2:1 | അതുകൊണ്ട് ക്രിസ്തുവിൽ വല്ല പ്രോത്സാഹനവും, സ്നേഹത്തിന്റെ വല്ല ആശ്വാസവും, ആത്മാവിന്റെ വല്ല കൂട്ടായ്മയും, വല്ല ആർദ്രതയും മനസ്സലിവുകളും ഉണ്ടെങ്കിൽ, |
| വെളി. 1:10 | കർത്തൃദിവസം ഞാൻ ആത്മാവിൽ ആയിരിക്കുകയും, എന്റെ പുറകിൽ കാഹളനാദംപോലെ ഉച്ചത്തിൽ ഒരു ശബ്ദം കേൾക്കുകയും ചെയ്തു, |
| 1 യോഹ. 1:2 | (ജീവൻ വെളിവായി, പിതാവിനോടുകൂടെ ഉണ്ടായിരുന്നതും ഞങ്ങൾക്ക് വെളിവായതുമായ, നിത്യജീവനെ ഞങ്ങൾ കണ്ടിരിക്കുകയും നിങ്ങളോട് സാക്ഷ്യപ്പെടുത്തുകയും അറിയിക്കുകയും ചെയ്യുന്നു); |
| 1 യോഹ. 1:3 | ഞങ്ങൾ കണ്ടതും കേട്ടതും, നിങ്ങൾക്കു ഞങ്ങളോടുകൂടെ കൂട്ടായ്മ ഉണ്ടാകേണ്ടതിന് നിങ്ങളോട് അറിയിക്കുന്നു, ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടുകൂടെയും അവന്റെ പുത്രനായ യേശു ക്രിസ്തുവിനോടുകൂടെയും ആകുന്നു. |
| 1 യോഹ. 1:7 | എന്നാൽ അവൻ വെളിച്ചത്തിൽ ആയിരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ, നമുക്ക് അന്യോന്യം കൂട്ടായ്മയുണ്ട്, അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപത്തിൽനിന്നും നമ്മെ ശുദ്ധീകരിക്കുന്നു. |
| 1 കൊരി. 16:18 | അവർ എന്റെയും നിങ്ങളുടെയും ആത്മാവിനെ ഉന്മേഷമുള്ളതാക്കി. അതുകൊണ്ട് ഇങ്ങനെയുള്ളവരെ അംഗീകരിക്കുവിൻ. |
| മർക്കൊ. 12:31 | രണ്ടാമത്തേത് ഇതാകുന്നു: "നിന്റെ അയൽക്കാരനെ നിന്നെപ്പോലെതന്നെ നീ സ്നേഹിക്കേണം." ഇവയെക്കാൾ വലുതായി വേറെ കൽപന ഇല്ല. |
| റോമ. 13:8 | അന്യോന്യം സ്നേഹിക്കുന്നതല്ലാതെ മറ്റൊന്നും ആരോടും കടപ്പെട്ടിരിക്കരുത്; എന്തെന്നാൽ അന്യനെ സ്നേഹിക്കുന്നവൻ ന്യായപ്രമാണം നിവർത്തിച്ചിരിക്കുന്നു. |
| റോമ. 13:9 | "വ്യഭിചാരം ചെയ്യരുത്, കൊല ചെയ്യരുത്, മോഷ്ടിക്കരുത്, മോഹിക്കരുത്," എന്നതും പിന്നെ മറ്റേതെങ്കിലും കൽപന ഉണ്ടെങ്കിൽ അതും, "നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കണം," എന്ന ഈ വചനത്തിൽ സംഗ്രഹിച്ചിരിക്കുന്നു. |
| റോമ. 13:10 | സ്നേഹം തന്റെ അയൽക്കാരനോട് തിന്മ പ്രവർത്തിക്കുന്നില്ല; അതു കൊണ്ട് സ്നേഹം ന്യായപ്രമാണത്തിന്റെ നിവൃത്തി ആകുന്നു. |

ഗലാ. 5:13 സഹോദരന്മാരേ, സ്വാതന്ത്ര്യത്തിനായല്ലോ നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്; ഈ സ്വാതന്ത്ര്യം ജഡത്തിന് ഒരു അവസരമാക്കുക മാത്രം ചെയ്യാതെ, സ്നേഹത്താൽ അന്യോന്യം സേവിക്കുവിൻ.

ഗലാ. 5:14 "നിന്നെപ്പോലെതന്നെ നിന്റെ അയൽക്കാരനെ സ്നേഹിക്കണം" എന്ന ഏക വാക്യത്തിൽ ന്യായപ്രമാണം മുഴുവനും നിവൃത്തിയായിരിക്കുന്നു.

ഗലാ. 5:15 എന്നാൽ നിങ്ങൾ അന്യോന്യം കടിക്കുകയും വിഴുങ്ങുകയും ചെയ്യുന്നുവെങ്കിൽ, നിങ്ങൾ അന്യോന്യം ഉന്മൂലനം ചെയ്യപ്പെടാതിരിക്കേണ്ടതിന് സൂക്ഷിച്ചുകൊള്ളുവിൻ.

C. ഏക ദിവ്യ കൂട്ടായ്മ എന്നത് കൂട്ടിയിണയ്ക്കപ്പെട്ട കൂട്ടായ്മയാണ്—തിരശ്ചീനമായ കൂട്ടായ്മ ലംബമായ കൂട്ടായ്മയുമായി കൂട്ടിയിണയ്ക്കപ്പെട്ടിരിക്കുന്നു:

1. അപ്പൊസ്തലന്മാരുടെ പ്രാരംഭ അനുഭവം പിതാവിനോടും അവന്റെ പുത്രനായ യേശു ക്രിസ്തുവിനോടും കൂടെയുള്ള ലംബമായ കൂട്ടായ്മയായിരുന്നു, എന്നാൽ അപ്പൊസ്തലന്മാർ നിത്യജീവനെക്കുറിച്ച് മറ്റുള്ളവരോട് അറിയിച്ചപ്പോൾ, അവർ ദിവ്യ കൂട്ടായ്മയുടെ തിരശ്ചീന വശം അനുഭവിച്ചു—1 യോഹ. 1:2-3; പ്ര.നി. പ്രവൃ. 2:42.

1 യോഹ. 1:2 (ജീവൻ വെളിവായി, പിതാവിനോടുകൂടെ ഉണ്ടായിരുന്നതും ഞങ്ങൾക്ക് വെളിവായതുമായ, നിത്യജീവനെ ഞങ്ങൾ കണ്ടിരിക്കുകയും നിങ്ങളോട് സാക്ഷ്യപ്പെടുത്തുകയും അറിയിക്കുകയും ചെയ്യുന്നു);

1 യോഹ. 1:3 ഞങ്ങൾ കണ്ടതും കേട്ടതും, നിങ്ങൾക്കു ഞങ്ങളോടുകൂടെ കൂട്ടായ്മ ഉണ്ടാകേണ്ടതിന് നിങ്ങളോട് അറിയിക്കുന്നു, ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടുകൂടെയും അവന്റെ പുത്രനായ യേശു ക്രിസ്തുവിനോടുകൂടെയും ആകുന്നു.

പ്രവൃ. 2:42 അവർ അപ്പൊസ്തലന്മാരുടെ ഉപദേശത്തിലും കൂട്ടായ്മയിലും, അപ്പം നുറുക്കലിലും പ്രാർഥനകളിലും ദൃഢചിത്തരായി തുടർന്നുകൊണ്ടിരുന്നു.

2. വിശുദ്ധന്മാരോടുകൂടെയുള്ള നമ്മുടെ തിരശ്ചീനമായ കൂട്ടായ്മ നമ്മെ കർത്താവിനോടുകൂടെയുള്ള ലംബമായ കൂട്ടായ്മയിലേക്ക് കൊണ്ടുവരുന്നു; അതിനുശേഷം കർത്താവിനോടുകൂടെയുള്ള നമ്മുടെ ലംബമായ കൂട്ടായ്മ നമ്മെ വിശുദ്ധന്മാരോടുകൂടെയുള്ള തിരശ്ചീനമായ കൂട്ടായ്മയിലേക്ക് കൊണ്ടുവരുന്നു.

3. ആത്മികമായി ആരോഗ്യമുള്ളവരായിരിക്കാൻ നാം ദിവ്യ കൂട്ടായ്മയുടെ ലംബവും തിരശ്ചീനവുമായ വശങ്ങൾ നിലനിർത്തണം—പ്ര.നി. 1 യോഹ. 1:7, 9.

1 യോഹ. 1:7 എന്നാൽ അവൻ വെളിച്ചത്തിൽ ആയിരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ, നമുക്ക് അന്യോന്യം കൂട്ടായ്മയുണ്ട്, അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപത്തിൽനിന്നും നമ്മെ ശുദ്ധീകരിക്കുന്നു.

| | |
|---|---|
| 1 യോഹ. 1:9 | നാം നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ, നമ്മുടെ പാപങ്ങൾ ക്ഷമിച്ച്, സകല അനീതിയിൽനിന്നും നമ്മെ ശുദ്ധീകരിക്കുവാൻ അവൻ വിശ്വസ്തനും നീതിമാനും ആകുന്നു. |

D. ദിവ്യ കൂട്ടായ്മ ക്രിസ്തീയ ജീവിതത്തിൽ എല്ലാമാണ്:

1. കൂട്ടായ്മ അപ്രത്യക്ഷമാകുമ്പോൾ ദൈവവും അപ്രത്യക്ഷമാകുന്നു; ദൈവം കൂട്ടായ്മയായി വരുന്നു—2 കൊരി. 13:14; വെളി. 22:1.

| | |
|---|---|
| 2 കൊരി. 13:14 | കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കട്ടെ. |
| വെളി. 22:1 | വീഥിയുടെ നടുവിൽ, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായ, പളുങ്കുപോലെ ശുഭ്രമായ, ജീവജല നദി അവൻ എന്നെ കാണിച്ചു. |

2. ഈ ദിവ്യ കൂട്ടായ്മയിൽ ദൈവം നാമ്മോട് കൂട്ടിയിണയ്ക്കപ്പെടുന്നു; ഈ കൂട്ടിയിണയ്ക്കൽ നമ്മുടെ ജീവന്റെ വളർച്ചയ്ക്കും രൂപാന്തരത്തിനും വേണ്ടി നമ്മുടെ ആത്മിക ആളത്തത്തിലേക്ക് ദിവ്യ ഘടകാംശം കൊണ്ടുവരുന്നതിന് ദൈവത്തിന്റെയും മനുഷ്യന്റെയും ഇഴുകിച്ചേരലാണ്—ലേവ്യ. 2:4-5.

| | |
|---|---|
| ലേവ്യ. 2:4 | അടുപ്പത്തുവെച്ചു ചുട്ടതു നീ ഭോജനയാഗമായി കഴിക്കുന്നു എങ്കിൽ അതു നേരിയ മാവു കൊണ്ടുണ്ടാക്കിയതായി എണ്ണ ചേർത്ത പുളിപ്പില്ലാത്ത ദോശകളോ എണ്ണ പുരട്ടിയ പുളിപ്പില്ലാത്ത വടകളോ ആയിരിക്കേണം. |
| ലേവ്യ. 2:5 | നിന്റെ വഴിപാടു ചട്ടിയിൽ ചുട്ട ഭോജനയാഗം ആകുന്നുവെങ്കിൽ അതു എണ്ണ ചേർത്ത പുളിപ്പില്ലാത്ത നേരിയ മാവുകൊണ്ടു ആയിരിക്കേണം. |

3. ദിവ്യ കൂട്ടായ്മ നമ്മെ ഒരു ശരീരത്തിലേക്ക് സമന്വയിപ്പിക്കുകയും, പാകപ്പെടുത്തുകയും, ക്രമീകരിക്കുകയും, സ്വരചേർച്ചയിലാക്കുകയും, ഇഴുകിച്ചേർക്കുകയും ചെയ്യുന്നു—1 കൊരി. 10:16-18; 12:24-25.

| | |
|---|---|
| 1 കൊരി. 10:16 | നാം അനുഗ്രഹിക്കുന്ന അനുഗ്രഹത്തിന്റെ പാനപാത്രം, ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മ അല്ലയോ? നാം നുറുക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മ അല്ലയോ? |
| 1 കൊരി. 10:17 | അപ്പം ഒന്നാണെന്നു കാണുന്നതുകൊണ്ട്, പലരായ നാം ഒരു ശരീരം ആകുന്നു; നാം എല്ലാവരും ഒരു അപ്പത്തിൽനിന്നു പങ്കുകൊള്ളുന്നുവല്ലോ. |
| 1 കൊരി. 10:18 | ജഡപ്രകാരമുള്ള യിസ്രായേലിനെ നോക്കുവിൻ. യാഗങ്ങൾ ഭക്ഷിക്കുന്നവർ യാഗപീഠവുമായി കൂട്ടായ്മ ഉള്ളവരല്ലയോ? |
| 1 കൊരി. 12:24 | എന്നാൽ നമ്മുടെ അഴകുള്ള അവയവങ്ങൾക്ക് അത് ആവശ്യമില്ല. കുറവുള്ള അവയവത്തിന് അധികം മാനം നൽകിക്കൊണ്ട് ദൈവം ശരീരത്തെ ചേർത്തു |

സമന്വയിപ്പിച്ചിരിക്കുന്നു,

1 കൊരി. 12:25 അത് ശരീരത്തിൽ ഒരു ഭിന്നതയും ഇല്ലാതെ, അവയവങ്ങൾ അന്യോന്യം ഒരേ കരുതൽ ഉണ്ടായിരിക്കേണ്ടതിനത്രേ.

**III. ദിവ്യ കൂട്ടായ്മയുടെ ആസ്വാദനത്തിൽ നിലനിൽക്കുന്നതിന്, നമ്മുടെ പ്രകൃതത്തിൽ ഉൾവസിക്കുന്ന പാപത്തിനായുള്ള പാപയാഗമായും, നമ്മുടെ പെരുമാറ്റത്തിലുള്ള പാപപ്രവൃത്തികൾക്കായുള്ള അകൃത്യ യാഗമായും ക്രിസ്തുവിനെ നാം എടുക്കേണ്ടതുണ്ട്—1 യോഹ. 1:8-9; 3:20-21; ലേവ്യ. 4:3; 5:6; യോഹ. 1:29; റോമ. 8:3; 2 കൊരി. 5:21; 1 പത്രൊ. 2:24-25:**

1 യോഹ. 1:8 നമുക്ക് പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ, നാം നമ്മെത്തന്നെ വഞ്ചിക്കുന്നു, സത്യം നമ്മിൽ ഇല്ല.

1 യോഹ. 1:9 നാം നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ, നമ്മുടെ പാപങ്ങൾ ക്ഷമിച്ച്, സകല അനീതിയിൽനിന്നും നമ്മെ ശുദ്ധീകരിക്കുവാൻ അവൻ വിശ്വസ്തനും നീതിമാനും ആകുന്നു.

1 യോഹ. 3:20 നമ്മുടെ ഹൃദയം നമ്മെ കുറ്റപ്പെടുത്തുന്നു എങ്കിൽ, ദൈവം നമ്മുടെ ഹൃദയത്തെക്കാൾ വലിയവനും എല്ലാം അറിയുന്നതും കൊണ്ടാകുന്നു.

1 യോഹ. 3:21 പ്രിയരേ, നമ്മുടെ ഹൃദയം നമ്മെ കുറ്റപ്പെടുത്തുന്നില്ലെങ്കിൽ, നമുക്കു ദൈവത്തോട് ധൈര്യമുണ്ട്;

ലേവ്യ. 4:3 അഭിഷിക്തനായ പുരോഹിതൻ ജനത്തിന്മേൽ കുറ്റം വരത്തക്കവണ്ണം പാപം ചെയ്തു എങ്കിൽ താൻ ചെയ്ത പാപംനിമിത്തം അവൻ യഹോവെക്കു പാപയാഗമായി ഊനമില്ലാത്ത ഒരു കാളക്കിടാവിനെ അർപ്പിക്കേണം.

ലേവ്യ. 5:6 താൻ ചെയ്ത പാപംനിമിത്തം അവൻ യഹോവെക്കു അകൃത്യയാഗമായി ചെമ്മരിയാട്ടിൻകുട്ടിയോ കോലാട്ടിൻകുട്ടിയോ ആയ ഒരു പെണ്ണാട്ടിനെ പാപയാഗമായി കൊണ്ടുവരേണം; പുരോഹിതൻ അവന്നുവേണ്ടി അവന്റെ പാപംനിമിത്തം പ്രായശ്ചിത്തം കഴിക്കേണം.

യോഹ. 1:29 പിറ്റെന്നാൾ യേശു തന്റെ അടുക്കലേക്ക് വരുന്നത് കണ്ടിട്ട് അവൻ പറഞ്ഞു, ഇതാ, ലോകത്തിന്റെ പാപത്തെ നീക്കിക്കളയുന്ന ദൈവത്തിന്റെ കുഞ്ഞാട്!

റോമ. 8:3 ജഡത്താലുള്ള ബലഹീനതയിൽ, ന്യായപ്രമാണത്തിന് ചെയ്യുവാൻ കഴിയാത്തതിനെ, ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിലും പാപം സംബന്ധിച്ചും അയച്ച്, പാപത്തെ ജഡത്തിൽ ശിക്ഷവിധിച്ചു,

2 കൊരി. 5:21 പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആയിത്തീരേണ്ടതിന്, അവൻ നമുക്കു പകരം പാപമാക്കി.

1 പത്രൊ. 2:24 നാം പാപങ്ങൾക്കു മരിച്ചിട്ട് നീതിക്കു ജീവിക്കേണ്ടതിന്, അവൻ തന്നെ മരത്തിന്മേൽ അവന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ വഹിച്ചു; അവന്റെ അടിപ്പിണരാൽ നിങ്ങൾ സൗഖ്യം പ്രാപിച്ചിരിക്കുന്നു.

1 പത്രൊ. 2:25 നിങ്ങൾ വഴിതെറ്റിപ്പോകുന്ന ആടുകളെപ്പോലെയായിരുന്നു, എന്നാൽ ഇപ്പോൾ നിങ്ങളുടെ ദേഹികളുടെ ഇടയനും മേൽവിചാരകനുമായവന്റെ അടുക്കൽ മടങ്ങിവന്നിരിക്കുന്നു.

A. പാപം എന്നത് ആദാമിന്റെ വീഴ്ചയിലൂടെ മനുഷ്യനിലേക്ക് അവനെത്തന്നെ കുത്തിവച്ച സാത്താന്റെ ദുഷ്ട സ്വഭാവമാണ്, അത് ഇപ്പോൾ വീണുപോയ മനുഷ്യനിൽ വസിക്കുകയും പ്രവർത്തിക്കുകയും വേല ചെയ്യുകയും ചെയ്യുന്ന ഒരു പ്രമാണമെന്ന നിലയിൽ അധർമത്തിന്റെ പാപ പ്രകൃതമായിത്തീർന്നിരിക്കുന്നു—റോമ. 5:12, 19, 21; 6:14; 7:11, 14, 17-23; സങ്കീ. 51:5; 1 യോഹ. 3:4; പ്ര.നി. 2 തെസ്സ. 2:3, 7-8.

റോമ. 5:12 അതുകൊണ്ട് ഏക മനുഷ്യനിലൂടെ പാപവും പാപത്തിലൂടെ മരണവും ലോകത്തിലേക്ക് പ്രവേശിച്ചു; അങ്ങനെ എല്ലാവരും പാപം ചെയ്തതു നിമിത്തം മരണം സകല മനുഷ്യരിലേക്കും കടന്നു.

റോമ. 5:19a എപ്രകാരം ഏക മനുഷ്യന്റെ അനുസരണക്കേടിലൂടെ അനേകർ പാപികളായി സംരചിക്കപ്പെട്ടുവോ,...

റോമ. 5:21 എപ്രകാരം പാപം മരണത്തിൽ വാണുവോ, അപ്രകാരം തന്നെ കൃപ നീതിയിലൂടെ നിത്യജീവങ്കലേക്ക് നമ്മുടെ കർത്താവായ യേശു ക്രിസ്തുവിലൂടെ വാഴേണ്ടതിനു തന്നെ.

റോമ. 6:14 പാപം നിങ്ങളുടെ മേൽ കർത്തൃത്വം നടത്തുകയില്ല, എന്തെന്നാൽ നിങ്ങൾ ന്യായപ്രമാണത്തിൻ കീഴിലല്ല കൃപയിൻ കീഴിലത്രേ ആകുന്നു.

റോമ. 7:11 എന്തെന്നാൽ പാപം, കൽപനയിലൂടെ അവസരം കൈവശമാക്കിയിട്ട്, എന്നെ വഞ്ചിക്കുകയും അതിലൂടെ എന്നെ കൊല്ലുകയും ചെയ്തു.

റോമ. 7:14 ന്യായപ്രമാണം ആത്മികം എന്ന് നാം അറിയുന്നു; ഞാനോ ജഡമയൻ, പാപത്തിന് വിൽക്കപ്പെട്ടവൻ.

റോമ. 7:17 ആകയാൽ മേലാൽ അത് പുറപ്പെടുവിക്കുന്നത് ഞാനല്ല, എന്നിൽ വസിക്കുന്ന പാപമത്രേ.

റോമ. 7:18 എന്നിൽ, അതായത് എന്റെ ജഡത്തിൽ, യാതൊരു നന്മയും വസിക്കുന്നില്ല എന്ന് ഞാൻ അറിയുന്നു; നന്മ ചെയ്യുവാൻ ഞാൻ ഇച്ഛിക്കുന്നുണ്ട്, എന്നാൽ പുറപ്പെടുവിക്കുന്നില്ല.

റോമ. 7:19 ഞാൻ ഇച്ഛിക്കുന്ന നന്മയല്ല ഞാൻ ചെയ്യുന്നത്; മറിച്ച് ഞാൻ ഇച്ഛിക്കാത്ത തിന്മയത്രേ ഞാൻ പ്രവർത്തിക്കുന്നത്.

റോമ. 7:20 എന്നാൽ ഞാൻ ഇച്ഛിക്കാത്തതിനെ ഞാൻ ചെയ്യുന്നുവെങ്കിൽ, അത് ഇനിമേൽ ഞാനല്ല, എന്നിൽ വസിക്കുന്ന പാപമത്രേ പുറപ്പെടുവിക്കുന്നത്.

റോമ. 7:21 അപ്പോൾ എന്നോടുകൂടെ നന്മ ചെയ്യുവാൻ ഇച്ഛിക്കുന്ന പ്രമാണത്തെ ഞാൻ കണ്ടെത്തുന്നു, എന്തുകൊണ്ടെന്നാൽ തിന്മ എന്നോടുകൂടെ ഉണ്ട്.

റോമ. 7:22 അകത്തെ മനുഷ്യനൊത്തവണ്ണം ദൈവത്തിന്റെ ന്യായപ്രമാണത്തിൽ ഞാൻ ആനന്ദിക്കുന്നു,

റോമ. 7:23 എങ്കിലും എന്റെ മനസ്സിന്റെ പ്രമാണത്തോട് യുദ്ധം

| | |
|---|---|
| | ചെയ്തുകൊണ്ടും, എന്റെ അവയവങ്ങളിലുള്ള പാപപ്രമാണത്തിന് എന്നെ ബദ്ധനാക്കിക്കൊണ്ടും എന്റെ അവയവങ്ങളിലുള്ള വ്യത്യസ്തമായൊരു പ്രമാണത്തെ ഞാൻ കാണുന്നു. |
| സങ്കീ. 51:5 | ഇതാ, ഞാൻ അകൃത്യത്തിൽ ഉരുവായി; പാപത്തിൽ എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു. |
| 1 യോഹ. 3:4 | പാപം അഭ്യസിക്കുന്ന ഏവനും അധർമം അഭ്യസിക്കുന്നു, പാപം അധർമം തന്നെ. |
| 2 തെസ്സ. 2:3 | ആരും ഒരു രീതിയിലും നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ, എന്തുകൊണ്ടെന്നാൽ ആദ്യം വിശ്വാസത്യാഗം വരാതെയും, നാശത്തിന്റെ പുത്രനായ അധർമത്തിന്റെ മനുഷ്യൻ വെളിപ്പെടാതെയും അത് വരുകയില്ല. |
| 2 തെസ്സ. 2:7 | അധർമത്തിന്റെ മർമം ആകുന്നു ഇപ്പോൾ വ്യാപരിക്കുന്നത്, എന്നാൽ ഇപ്പോൾ തടുക്കുന്നവൻ വഴിയിൽ നിന്ന് നീങ്ങിപ്പോകുന്നതുവരെ മാത്രം. |
| 2 തെസ്സ. 2:8 | അപ്പോൾ അധർമിയായവൻ വെളിപ്പെടും (അവനെ കർത്താവായ യേശു തന്റെ വായിലെ ശ്വാസത്താൽ നിഗ്രഹിക്കുകയും തന്റെ വരവിന്റെ പ്രത്യക്ഷതയാൽ ഒന്നുമല്ലാതാക്കുകയും ചെയ്യും), |

B. ക്രിസ്തുവിനെ നമ്മുടെ പാപയാഗമായി എടുക്കുക എന്നതിനർഥം നമ്മുടെ പഴയ മനുഷ്യനോട് ഇടപെട്ടു എന്നും (റോമ. 6:6), വീണുപോയ മനുഷ്യന്റെ പ്രകൃതത്തിലുള്ള പാപം ശിക്ഷവിധിക്കപ്പെട്ടു എന്നും (8:3), പാപം എന്ന നിലയിൽ സാത്താൻ നശിപ്പിക്കപ്പെട്ടു എന്നും (എബ്രാ. 2:14), ലോകം ന്യായം വിധിക്കപ്പെടുകയും ലോകത്തിന്റെ അധിപൻ പുറത്താക്കപ്പെടുകയും ചെയ്തു എന്നുമാണ് (യോഹ. 12:31):

| | |
|---|---|
| റോമ. 6:6 | നാം ഇനി അടിമകളായി പാപത്തെ സേവിക്കാതിരിക്കുവാൻ, നമ്മുടെ പാപശരീരം അസാധുവാക്കപ്പെടേണ്ടതിന് നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു എന്നത് അറിഞ്ഞുകൊണ്ട് തന്നെ; |
| റോമ. 8:3 | ജഡത്താലുള്ള ബലഹീനതയിൽ, ന്യായപ്രമാണത്തിന് ചെയ്യുവാൻ കഴിയാത്തതിനെ, ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിലും പാപം സംബന്ധിച്ചും അയച്ച്, പാപത്തെ ജഡത്തിൽ ശിക്ഷവിധിച്ചു, |
| എബ്രാ. 2:14 | ആകയാൽ മക്കൾ ജഡരക്തത്തിൽ പങ്കെടുത്തിരിക്കുന്നതുകൊണ്ട്, താനും അപ്രകാരം അവയിൽ പങ്കുകൊണ്ട്, മരണത്തിന്റെ പ്രഭാവമുള്ളവനെ, അതായത്, പിശാചിനെ മരണത്തിലൂടെ നശിപ്പിച്ച്, |
| യോഹ. 12:31 | ഇപ്പോൾ ഈ ലോകത്തിന്റെ ന്യായവിധി ആകുന്നു; ഇപ്പോൾ ഈ ലോകത്തിന്റെ അധിപൻ പുറത്താക്കപ്പെടും. |

1. *ഈ ലോകത്തിന്റെ അധിപനിലെ, അധിപൻ* എന്ന വാക്കിന്റെ അർഥം അധികാരം അല്ലെങ്കിൽ ശക്തി, അധികാരത്തിനായുള്ള പോരാട്ടം എന്നിവയാണ്—ലൂക്കൊ. 4:5-8; പ്ര.നി. മത്താ. 20:20-21, 24; 3 യോഹ. 9.

ലൂക്കൊ. 4:5 പിന്നെ അവൻ അവനെ മുകളിലേക്കു നയിച്ചുകൊണ്ടുപോയി ആൾപ്പാർപ്പുള്ള ഭൂമിയിലെ സകല രാജ്യങ്ങളെയും ക്ഷണനേരത്തിൽ അവനു കാണിച്ചു കൊടുത്തു.

ലൂക്കൊ. 4:6 എന്നിട്ട് പിശാച് അവനോടു പറഞ്ഞു, ഈ സകല അധികാരത്തെയും അവയുടെ മഹത്വത്തെയും ഞാൻ നിനക്കു നൽകാം, എന്തുകൊണ്ടെന്നാൽ അത് എനിക്കു നൽകപ്പെട്ടിരിക്കുന്നു, ഞാൻ ഇച്ഛിക്കുന്ന ഏവനും അത് ഞാൻ നൽകുന്നു.

ലൂക്കൊ. 4:7 അതുകൊണ്ട് നീ എന്നെ ആരാധിച്ചാൽ, ഇതെല്ലാം നിന്റേതാകും.

ലൂക്കൊ. 4:8 യേശു അവനോട്, “നിന്റെ ദൈവമായ കർത്താവിനെ നീ ആരാധിക്കണം, അവനെ മാത്രം നീ സേവിക്കണം” എന്ന് എഴുതിയിരിക്കുന്നു എന്ന് ഉത്തരം പറഞ്ഞു.

മത്താ. 20:20 അപ്പോൾ സെബെദിപുത്രന്മാരുടെ അമ്മ അവളുടെ പുത്രന്മാരോടൊപ്പം, അവനെ ആരാധിച്ചും അവനിൽനിന്ന് ചിലതു ചോദിച്ചുംകൊണ്ട് അവന്റെ അടുക്കൽ വന്നു.

മത്താ. 20:21 അവൻ അവളോട്, നിനക്ക് എന്തു വേണം? എന്നു ചോദിച്ചു. അവൾ അവനോട്, നിന്റെ രാജ്യത്തിൽ എന്റെ ഈ രണ്ടു പുത്രന്മാർ, ഒരുവൻ നിന്റെ വലത്തും ഒരുവൻ നിന്റെ ഇടത്തും ഇരിക്കും എന്നു പറയേണമേ എന്നു പറഞ്ഞു.

മത്താ. 20:24 ശേഷം പത്തുപേർ ഇതു കേട്ടപ്പോൾ രണ്ടു സഹോദരന്മാരെക്കുറിച്ച് അവർ കുപിതരായി.

3 യോഹ. 1:9 ഞാൻ സഭയ്ക്ക് ഒന്നെഴുതിയിരുന്നു, എന്നാൽ അവരുടെ ഇടയിൽ ഒന്നാമനാകുവാൻ ആഗ്രഹിക്കുന്ന ദിയൊത്രെഫേസ് ഞങ്ങളെ കൈക്കൊള്ളുന്നില്ല.

2. അധികാരത്തിനായുള്ള പോരാട്ടം എന്നത് ജഡത്തിന്റെയും, പാപത്തിന്റെയും, സാത്താന്റെയും, ലോകത്തിന്റെയും, ലോകത്തിന്റെ അധിപന്റെയും പരിണതഫലമാണ്—ഗലാ. 5:16-17, 24-26.

ഗലാ. 5:16 എന്നാൽ ഞാൻ പറയുന്നു, ആത്മാവിനാൽ നടക്കുവിൻ, നിങ്ങൾ ഒരുവിധത്തിലും ജഡത്തിന്റെ മോഹത്തെ നിവർത്തിക്കുകയില്ല.

ഗലാ. 5:17 എന്തെന്നാൽ ജഡം ആത്മാവിന് എതിരായും ആത്മാവ് ജഡത്തിന് എതിരായും മോഹിക്കുന്നു; നിങ്ങൾ ഇച്ഛിക്കുന്ന കാര്യങ്ങൾ ചെയ്യാതിരിക്കേണ്ടതിന് ഇവ പരസ്പരം എതിർക്കുന്നു.

ഗലാ. 5:24 എന്നാൽ ക്രിസ്തു യേശുവിനുള്ളവർ ജഡത്തെ അതിന്റെ അഭിനിവേശങ്ങളോടും മോഹങ്ങളോടും കൂടെ, ക്രൂശിച്ചിരിക്കുന്നു.

ഗലാ. 5:25 ആത്മാവിനാൽ നാം ജീവിക്കുന്നു എങ്കിൽ,

ആത്മാവിനാൽ നമുക്ക് നടക്കുകയും ചെയ്യാം.

ഗലാ. 5:26 അന്യോന്യം പ്രകോപിപ്പിച്ചും അസൂയപ്പെട്ടുംകൊണ്ട് നമുക്ക് വൃഥാഭിമാനികൾ ആകാതിരിക്കാം.

3. നമ്മുടെ ജഡത്തിലുള്ള പാപപ്രമാണം ദൈവത്തോട് പോരാടാനുള്ള സ്വതസിദ്ധമായ ശക്തിയും ബലവും ഊർജ്ജവുമാണ്; പാപപ്രമാണത്തിൽനിന്ന് നമ്മെ സ്വയമേയും സ്വതസിദ്ധമായും സ്വതന്ത്രരാക്കുന്നതിന്, നാം ആസ്വദിക്കുന്ന ശ്വാസ ക്രിസ്തുവിന്റെ ജീവന്റെ പ്രമാണമാണ് പാപയാഗത്തിന്റെ പ്രമാണം—റോമ. 7:23; 8:2; ലേവ്യ. 6:24-30; പ്ര.നി. 7:1-10.

റോമ. 7:23 എങ്കിലും എന്റെ മനസ്സിന്റെ പ്രമാണത്തോട് യുദ്ധം ചെയ്തുകൊണ്ടും, എന്റെ അവയവങ്ങളിലുള്ള പാപപ്രമാണത്തിന് എന്നെ ബദ്ധനാക്കിക്കൊണ്ടും എന്റെ അവയവങ്ങളിലുള്ള വ്യത്യസ്തമായൊരു പ്രമാണത്തെ ഞാൻ കാണുന്നു.

റോമ. 8:2 എന്തെന്നാൽ ജീവന്റെ ആത്മാവിന്റെ പ്രമാണം എന്നെ പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തു യേശുവിൽ സ്വതന്ത്രനാക്കിയിരിക്കുന്നു.

ലേവ്യ. 6:24 യഹോവ പിന്നെയും മോശെയോടു അരുളിച്ചെയ്തതു:

ലേവ്യ. 6:25 നീ അഹരോനോടും പുത്രന്മാരോടും പറയേണ്ടതു എന്തെന്നാൽ: പാപയാഗത്തിന്റെ പ്രമാണമാവിതു: ഹോമയാഗമൃഗത്തെ അറുക്കുന്ന സ്ഥലത്തുവെച്ചു പാപയാഗമൃഗത്തെയും യഹോവയുടെ സന്നിധിയിൽ അറുക്കേണം; അതു അതിവിശുദ്ധം.

ലേവ്യ. 6:26 പാപത്തിന്നുവേണ്ടി അതു അർപ്പിക്കുന്ന പുരോഹിതൻ അതു തിന്നേണം; സമാഗമനകൂടാരത്തിന്റെ പ്രാകാരത്തിൽ ഒരു വിശുദ്ധസ്ഥലത്തുവെച്ചു അതു തിന്നേണം.

ലേവ്യ. 6:27 അതിന്റെ മാംസം തൊടുന്നവൻ എല്ലാം വിശുദ്ധനായിരിക്കേണം; അതിന്റെ രക്തം ഒരു വസ്ത്രത്തിൽ തെറിച്ചാൽ അതു വീണതു ഒരു വിശുദ്ധസ്ഥലത്തുവെച്ചു കഴുകേണം.

ലേവ്യ. 6:28 അതു വേവിച്ച മൺപാത്രം ഉടെച്ചുകളയേണം; ചെമ്പുകലത്തിൽ വേവിച്ചു എങ്കിൽ അതു തേച്ചു മഴക്കി വെള്ളംകൊണ്ടു കഴുകേണം.

ലേവ്യ. 6:29 പുരോഹിതകുലത്തിലെ ആണുങ്ങളൊക്കെയും അതു തിന്നേണം; അതു അതിവിശുദ്ധം.

ലേവ്യ. 6:30 എന്നാൽ വിശുദ്ധമന്ദിരത്തിൽ പ്രായശ്ചിത്തം കഴിപ്പാൻ സാമഗമനകൂടാരത്തിന്നകത്തു രക്തം കൊണ്ടുവരുന്ന പാപയാഗത്തെ തിന്നരുതു; അതു തീയിൽ ഇട്ടു ചുട്ടുകളയേണം.

ലേവ്യ. 7:1 അകൃത്യയാഗത്തിന്റെ പ്രമാണമാവിതു: അതു അതിവിശുദ്ധം.

ലേവ്യ. 7:2 ഹോമയാഗമൃഗത്തെ അറുക്കുന്ന സ്ഥലത്തുവെച്ചു അകൃത്യയാഗമൃഗത്തെയും അറുക്കേണം; അതിന്റെ രക്തം യാഗപീഠത്തിന്മേൽ ചുറ്റും തളിക്കേണം.

ലേവ്യ. 7:3 അതിന്റെ സകലമേദസ്സും തടിച്ചവാലും കുടൽ പൊതിഞ്ഞിരിക്കുന്ന മേദസ്സും മൂത്രപിണ്ഡം രണ്ടും

ലേവ്യ. 7:4 അവയുടെ മേൽ കടിപ്രദേശത്തുള്ള മേദസ്സും മൂത്രപിണ്ഡങ്ങളോടു കൂടെ കരളിന്മേലുള്ള വപയും എടുത്തു

ലേവ്യ. 7:5 പുരോഹിതൻ യാഗപീഠത്തിന്മേൽ യഹോവെക്കു ദഹനയാഗമായി ദഹിപ്പിക്കേണം; അതു അകൃത്യയാഗം.

ലേവ്യ. 7:6 പുരോഹിതകുലത്തിലെ ആണുങ്ങളൊക്കെയും അതു തിന്നേണം; ഒരു വിശുദ്ധസ്ഥലത്തുവെച്ചു അതു തിന്നേണം; അതു അതിവിശുദ്ധം.

ലേവ്യ. 7:7 പാപയാഗംപോലെ തന്നേ അകൃത്യയാഗവും ആകുന്നു; അവെക്കു പ്രമാണവും ഒന്നു തന്നേ; പ്രായശ്ചിത്തം കഴിക്കുന്ന പുരോഹിതന്നു അതു ഇരിക്കേണം.

ലേവ്യ. 7:8 പുരോഹിതൻ ഒരുത്തന്റെ ഹോമയാഗം അർപ്പിക്കുമ്പോൾ അർപ്പിച്ച പുരോഹിതന്നു ഹോമയാഗമൃഗത്തിന്റെ തോൽ ഇരിക്കേണം.

ലേവ്യ. 7:9 അടുപ്പത്തുവെച്ചു ചുടുന്ന ഭോജനയാഗം ഒക്കെയും ഉരുളിയിലും ചട്ടിയിലും ഉണ്ടാക്കുന്നതു ഒക്കെയും അർപ്പിക്കുന്ന പുരോഹിതന്നു ഇരിക്കേണം.

ലേവ്യ. 7:10 എണ്ണചേർത്തതോ ചേർക്കാത്തതോ ആയ സകല ഭോജനയാഗവും അഹരോന്റെ സകലപുത്രന്മാർക്കും ഒരുപോലെ ഇരിക്കേണം.

C. ദൈവത്തിന്റെ ജനം ആത്മാവിന്റെ ഒരുമയിൽ കാക്കപ്പെടുവാൻ പാപത്തോട് ഇടപെടുന്ന ജീവനെന്ന നിലയിൽ ക്രിസ്തുവിനെ ശുശ്രൂഷിച്ചുകൊണ്ട് അവരുടെ പ്രശ്നങ്ങൾ വഹിക്കാൻ നമുക്ക് കഴിയേണ്ടതിന്, മറ്റുള്ളവരുടെ പാപങ്ങളെ വഹിക്കുന്ന ജീവൻ എന്ന അർഥത്തിൽ അവനെ നമ്മുടെ ജീവനായി ആസ്വദിച്ചുകൊണ്ട് നമ്മുടെ പാപയാഗമായി നാം ക്രിസ്തുവിൽനിന്ന് പങ്കുകൊള്ളുന്നു—1 യോഹ. 5:16; ലേവ്യ. 10:17.

1 യോഹ. 5:16 ആരെങ്കിലും തന്റെ സഹോദരൻ മരണത്തിനല്ലാത്ത പാപം ചെയ്യുന്നതായി കാണുന്നു എങ്കിൽ, അവൻ ചോദിക്കേണം, അവൻ അവന് ജീവൻ നൽകുകയും ചെയ്യും, മരണത്തിനല്ലാത്ത പാപം ചെയ്യുന്നവർക്കു തന്നെ. മരണത്തിനുള്ള പാപം ഉണ്ട്; അവൻ അതിനെക്കുറിച്ച് അപേക്ഷിക്കണം എന്നു ഞാൻ പറയുന്നില്ല.

ലേവ്യ. 10:17 പാപയാഗം അതിവിശുദ്ധവും സഭയുടെ അകൃത്യം നീക്കിക്കളവാനും അവർക്കുവേണ്ടി യഹോവയുടെ സന്നിധിയിൽ പ്രായശ്ചിത്തം കഴിപ്പാനും നിങ്ങൾക്കു തന്നതുമായിരിക്കെ നിങ്ങൾ അതു ഒരു വിശുദ്ധ സ്ഥലത്തുവെച്ചു ഭക്ഷിക്കാഞ്ഞതു എന്തു?

D. വെളിച്ചമായ ദൈവത്തോടുള്ള നമ്മുടെ യഥാർഥവും, ഹൃദ്യവും, ജീവനുള്ളതും, സ്നേഹമുള്ളതുമായ കൂട്ടായ്മയിലൂടെ (1 യോഹ. 1:5; കൊലൊ. 1:12), നാം പാപികളാണെന്ന് മനസ്സിലാക്കുകയും, ക്രിസ്തുവിനെ നമ്മുടെ പാപയാഗമായും അകൃത്യയാഗമായും എടുക്കുകയും ചെയ്യും:

| | |
|---|---|
| 1 യോഹ. 1:5 | ഇതു കൂടാതെ, ദൈവം വെളിച്ചം ആകുന്നു എന്നും അവനിൽ ഇരുട്ട് ഒട്ടുമില്ല എന്നും ഞങ്ങൾ അവനിൽനിന്നു കേട്ട് നിങ്ങളോട് അറിയിക്കുന്ന ദൂതാകുന്നു. |
| കൊലൊ. 1:12 | വെളിച്ചത്തിലുള്ള വിശുദ്ധന്മാർക്ക് നറുക്കിട്ടുനൽകപ്പെട്ട ഓഹരിയുടെ പങ്കിനായി നിങ്ങളെ യോഗ്യരാക്കിയ പിതാവിനെ സ്തോത്രം ചെയ്യുന്നു; |

1. നാം കർത്താവിനെ എത്രത്തോളം സ്നേഹിക്കുകയും ആസ്വദിക്കുകയും ചെയ്യുന്നുവോ അത്രത്തോളം നാം എത്രമാത്രം ദുഷ്ടരാണെന്ന് നമുക്ക് മനസ്സിലാകും—യെശ. 6:5; ലൂക്കൊ. 5:8; റോമ. 7:18.

| | |
|---|---|
| യെശ. 6:5 | അപ്പോൾ ഞാൻ: എനിക്കു അയ്യോ കഷ്ടം; ഞാൻ നശിച്ചു; ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളോരു മനുഷ്യൻ; ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള ജനത്തിന്റെ നടുവിൽ വസിക്കുന്നു; എന്റെ കണ്ണു സൈന്യങ്ങളുടെ യഹോവയായ രാജാവിനെ കണ്ടുവല്ലോ എന്നു പറഞ്ഞു. |
| ലൂക്കൊ. 5:8 | ശിമോൻ പത്രൊസ് ഇതു കണ്ടപ്പോൾ, ഞാൻ പാപിയായ മനുഷ്യനാകയാൽ എന്നെ വിട്ടു പോകണമേ കർത്താവേ എന്നു പറഞ്ഞുകൊണ്ട് യേശുവിന്റെ കാൽക്കൽ വീണു. |
| റോമ. 7:18 | എന്നിൽ, അതായത് എന്റെ ജഡത്തിൽ, യാതൊരു നന്മയും വസിക്കുന്നില്ല എന്ന് ഞാൻ അറിയുന്നു; നന്മ ചെയ്യുവാൻ ഞാൻ ഇച്ഛിക്കുന്നുണ്ട്, എന്നാൽ പുറപ്പെടുവിക്കുന്നില്ല. |

2. നമുക്ക് പാപപ്രകൃതമുണ്ടെന്ന് മനസ്സിലാക്കുകയും ക്രിസ്തുവിനെ നമ്മുടെ പാപയാഗമായി എടുക്കുകയും ചെയ്യുന്നത് നാം ന്യായം വിധിക്കപ്പെടുവാനും കീഴ്പെടുത്തപ്പെടുവാനും ഇടയാക്കുന്നു, അത് നമ്മിൽത്തന്നെ യാതൊരു ആത്മവിശ്വാസവും നമുക്ക് ഉണ്ടാകാതിരിക്കാൻ ഇടയാക്കുന്നതിനാൽ ഈ തിരിച്ചറിവ് നമ്മെ സംരക്ഷിക്കുന്നു—ഫിലി. 3:3; പ്ര.നി. പുറ. 4:6.

| | |
|---|---|
| ഫിലി. 3:3 | നാം ആകുന്നു പരിച്ഛേദനക്കാർ, ദൈവാത്മാവിനാൽ സേവിക്കുന്നവരും ക്രിസ്തു യേശുവിൽ പ്രശംസിക്കുന്നവരും ജഡത്തിൽ ആശ്രയമില്ലാത്തവരുമായ നാം തന്നെ, |
| പുറ. 4:6 | യഹോവ പിന്നെയും അവനോടു: നിന്റെ കൈ മാർവ്വിടത്തിൽ ഇടുക എന്നു കല്പിച്ചു. അവൻ കൈ മാർവ്വിടത്തിൽ ഇട്ടു; പുറത്തു എടുത്തപ്പോൾ കൈ ഹിമംപോലെ വെളുത്തു കുഷ്ഠമുള്ളതായി കണ്ടു. |

3. ദൈവത്തെ ആവിഷ്കരിക്കുവാനും പ്രതിനിധീകരിക്കുവാനും എന്ന ഉദ്ദേശ്യത്തിനുവേണ്ടി ദൈവത്താൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ

ദൈവത്തിനല്ലാതെ മറ്റൊന്നിനും വേണ്ടിയായിരിക്കാതെ, പൂർണമായും ദൈവത്തിനു വേണ്ടിയായിരിക്കണം; അങ്ങനെ, നാം നമ്മിൽനിന്ന് ചെയ്യുന്നതെല്ലാം, അത് നന്മയോ തിന്മയോ ആകട്ടെ, അത് നമുക്കുവേണ്ടിയാണ്, അത് ദൈവത്തിനുവേണ്ടിയല്ലാതെ നമുക്കുവേണ്ടിയായതിനാൽ, അത് ദൈവത്തിന്റെ ദൃഷ്ടിയിൽ പാപമാണ്; പാപം എന്നത് സ്വയത്തിനുവേണ്ടിയായിരിക്കുന്നതാണ്—ഉല്പ. 1:26; യെശ. 43:7; റോമ. 3:23:

| | |
|---|---|
| ഉല്പ. 1:26 | അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക; അവർ സമുദ്രത്തിലുള്ള മത്സ്യത്തിന്മേലും ആകാശത്തിലുള്ള പറവജാതിയിന്മേലും മൃഗങ്ങളിന്മേലും സർവ്വഭൂമിയിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതിയിന്മേലും വാഴട്ടെ എന്നു കല്പിച്ചു. |
| യെശ. 43:7 | എന്റെ നാമത്തിൽ വിളിച്ചും എന്റെ മഹത്വത്തിന്നായി സൃഷ്ടിച്ചു നിർമ്മിച്ചു ഉണ്ടാക്കിയും ഇരിക്കുന്ന ഏവരെയും കൊണ്ടുവരിക എന്നു ഞാൻ കല്പിക്കും. |
| റോമ. 3:23 | എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു, |

a. നമുക്കുവേണ്ടി കർത്താവിനെ സേവിക്കുന്നത് പാപമാണ്; നമ്മെത്തന്നെ പ്രസംഗിക്കുന്നത് പാപമാണ്—സംഖ്യാ. 28:2; 2 രാജാ. 5:20-27; മത്താ. 7:22-23; 2 കൊരി. 4:5.

| | |
|---|---|
| സംഖ്യ. 28:2 | എനിക്കു സൗരഭ്യവാസനയായ ദഹനയാഗങ്ങൾക്കുള്ള എന്റെ ഭോജനമായ വഴിപാടു തക്കസമയത്തു എനിക്കു അർപ്പിക്കേണ്ടതിന്നു ജാഗ്രതയായിരിപ്പാൻ യിസ്രായേൽമക്കളോടു കല്പിക്കേണം. |
| 2 രാജാ. 5:20 | അവൻ അവനെ വിട്ടു കുറെ ദൂരം പോയശേഷം ദൈവപുരുഷനായ എലീശയുടെ ബാല്യക്കാരൻ ഗേഹസി: അരാമ്യൻ നയമാൻ കൊണ്ടുവന്നതു എന്റെ യജമാനൻ അവന്റെ കയ്യിൽനിന്നു വാങ്ങാതെ വിട്ടുകളഞ്ഞുവല്ലോ; യഹോവയാണ, ഞാൻ അവന്റെ പിന്നാലെ ഓടിച്ചെന്നു അവനോടു അല്പമെങ്കിലും വാങ്ങുമെന്നു പറഞ്ഞു. |
| 2 രാജാ. 5:21 | അങ്ങനെ അവൻ നയമാനെ പിന്തുടർന്നു. അവൻ തന്റെ പിന്നാലെ ഓടിവരുന്നതു നയമാൻ കണ്ടപ്പോൾ രഥത്തിൽനിന്നിറങ്ങി അവനെ എതിരേറ്റു: സുഖം തന്നെയോ എന്നു ചോദിച്ചു. |
| 2 രാജാ. 5:22 | അതിന്നു അവൻ: സുഖം തന്നേ; ഇപ്പോൾ തന്നേ പ്രവാചകശിഷ്യന്മാരിൽ രണ്ടു യൌവനക്കാർ എഫ്രയീംമലനാട്ടിൽനിന്നു എന്റെ അടുക്കൽ വന്നിരിക്കുന്നു; അവർക്കു ഒരു താലന്തു വെള്ളിയും രണ്ടു കൂട്ടം വസ്ത്രവും തരേണമേ എന്നു പറവാൻ |

എന്റെ യജമാനൻ എന്നെ പറഞ്ഞയച്ചിരിക്കുന്നു എന്നു പറഞ്ഞു.

2 രാജാ. 5:23 ദയ ചെയ്തു രണ്ടു താലന്തു വാങ്ങേണമേ എന്നു നയമാൻ പറഞ്ഞു. അവൻ അവനെ നിർബ്ബന്ധിച്ചു രണ്ടു സഞ്ചിയിൽ രണ്ടു താലന്തു വെള്ളിയും രണ്ടു കൂട്ടം വസ്ത്രവും കെട്ടി തന്റെ ബാല്യക്കാരിൽ രണ്ടുപേരുടെ പക്കൽ കൊടുത്തു; അവർ അതു ചുമന്നുകൊണ്ടു അവന്റെ മുമ്പിൽ നടന്നു.

2 രാജാ. 5:24 കുന്നിന്നരികെ എത്തിയപ്പോൾ അവൻ അതു അവരുടെ കയ്യിൽനിന്നു വാങ്ങി വീട്ടിൽ സൂക്ഷിച്ചു വെച്ചിട്ടു ബാല്യക്കാരെ അയച്ചുകളഞ്ഞു; അവർ പോകയും ചെയ്തു.

2 രാജാ. 5:25 പിന്നെ അവൻ അകത്തുകടന്നു യജമാനന്റെ മുമ്പിൽനിന്നു. എന്നാറെ എലീശാ അവനോടു: ഗേഹസിയേ, നീ എവിടെ പോയിരുന്നു എന്നു ചോദിച്ചു. അടിയൻ എങ്ങും പോയില്ല എന്നു അവൻ പറഞ്ഞു.

2 രാജാ. 5:26 അതിന്നു അവൻ: ആ പുരുഷൻ രഥത്തിൽനിന്നു ഇറങ്ങി നിന്നെ എതിരേറ്റപ്പോൾ എന്റെ ഹൃദയം നിന്നോടുകൂടെ പോന്നിരുന്നില്ലയോ? ദ്രവ്യം സമ്പാദിപ്പാനും വസ്ത്രം, ഒലിവുതോട്ടം, മുന്തിരിത്തോട്ടം, ആടുമാടുകൾ, ദാസീദാസന്മാർ എന്നീവകമേടിപ്പാനും ഇതാകുന്നുവോ സമയം?

2 രാജാ. 5:27 ആകയാൽ നയമാന്റെ കുഷ്ഠം നിനക്കും നിന്റെ സന്തതിക്കും എന്നേക്കും പിടിച്ചിരിക്കും എന്നു അവനോടു പറഞ്ഞു. അവൻ ഹിമംപോലെ വെളുത്തു കുഷ്ഠരോഗിയായി അവനെ വിട്ടു പുറപ്പെട്ടുപോയി.

മത്താ. 7:22 ആ നാളിൽ അനേകർ എന്നോട്, കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കുകയും, നിന്റെ നാമത്തിൽ ഞങ്ങൾ ഭൂതങ്ങളെ പുറത്താക്കുകയും, നിന്റെ നാമത്തിൽ ഞങ്ങൾ അനേകം വീര്യപ്രവൃത്തികൾ ചെയ്യുകയും ചെയ്തില്ലയോ? എന്നു പറയും.

മത്താ. 7:23 അപ്പോൾ ഞാൻ അവരോട്: ഞാൻ നിങ്ങളെ ഒരിക്കലും അറിഞ്ഞിരുന്നില്ല; അധർമത്തിന്റെ വേലക്കാരേ, എന്നെ വിട്ടുപോകുവിൻ എന്നു പ്രഖ്യാപിക്കും.

2 കൊരി. 4:5 എന്തെന്നാൽ ഞങ്ങളെത്തന്നെയല്ല ക്രിസ്തു യേശുവിനെ കർത്താവായും ഞങ്ങളെ യേശു നിമിത്തം നിങ്ങളുടെ അടിമകളായുമത്രേ ഞങ്ങൾ പ്രസംഗിക്കുന്നത്.

b. നമ്മെത്തന്നെ ആവിഷ്കരിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനുമായി ഭിക്ഷ കൊടുക്കുക, പ്രാർഥിക്കുക, ഉപവസിക്കുക മുതലായ നമ്മുടെ നീതിപ്രവൃത്തികൾ ചെയ്യുന്നത് പാപമാണ്—മത്താ. 6:1-6.

മത്താ. 6:1 എന്നാൽ മനുഷ്യർ വീക്ഷിക്കേണ്ടതിനു നിങ്ങളുടെ നീതിയെ അവരുടെ മുമ്പാകെ ചെയ്യാതിരിക്കുവാൻ കരുതിക്കൊള്ളുവിൻ; ഇല്ലെങ്കിൽ സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിന്റെ അടുക്കൽ നിങ്ങൾക്ക് പ്രതിഫലമില്ല.

മത്താ. 6:2 ആകയാൽ നീ ഭിക്ഷ കൊടുക്കുമ്പോൾ മനുഷ്യരാൽ മഹത്വപ്പെടുവാൻ തക്കവണ്ണം കപടഭക്തിക്കാർ ചെയ്യുന്നതുപോലെ സിനഗോഗുകളിലും വീഥികളിലും നിന്റെ മുമ്പാകെ കാഹളം മുഴക്കരുത്. അവരുടെ പ്രതിഫലം അവർക്കു പൂർണമായി ലഭിച്ചിരിക്കുന്നു എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു.

മത്താ. 6:3 എന്നാൽ നീ, ഭിക്ഷ കൊടുക്കുമ്പോൾ, നിന്റെ വലങ്കൈ ചെയ്യുന്നത് എന്തെന്നു നിന്റെ ഇടങ്കൈ അറിയരുത്,

മത്താ. 6:4 അങ്ങനെ നിന്റെ ഭിക്ഷ രഹസ്യത്തിൽ ആയിരിക്കുകയും, രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു നിനക്ക് മടക്കിത്തരുകയും ചെയ്യും.

മത്താ. 6:5 നിങ്ങൾ പ്രാർഥിക്കുമ്പോൾ കപടഭക്തിക്കാരെപ്പോലെ ആകരുത്, കാരണം അവർ മനുഷ്യർ കാണുവാൻ തക്കവണ്ണം സിനഗോഗുകളിലും തെരുക്കോണുകളിലും നിന്നുകൊണ്ടു പ്രാർഥിക്കുവാൻ പ്രിയപ്പെടുന്നു. അവരുടെ പ്രതിഫലം അവർക്കു പൂർണമായി ലഭിച്ചിരിക്കുന്നു എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു.

മത്താ. 6:6 എന്നാൽ നീ, പ്രാർഥിക്കുമ്പോൾ, നിന്റെ സ്വകാര്യമുറിയിലേക്കു പ്രവേശിച്ച്, നിന്റെ വാതിൽ അടച്ചു, രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാർഥിക്കുക; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്കു മടക്കിത്തരും.

c. മറ്റുള്ളവരെ നമുക്കുവേണ്ടി (നമ്മുടെ പേരിനും, സ്ഥാനത്തിനും, നേട്ടത്തിനും, അഭിമാനത്തിനും വേണ്ടി) സ്നേഹിക്കുന്നത് പാപമാണ്; നമുക്കുവേണ്ടിയും, നമ്മുടെ ഭാവിക്കുവേണ്ടിയും നമ്മുടെ കുട്ടികളെ വളർത്തുന്നത് പാപമാണ്—ലൂക്കൊ. 14:12-14; പ്ര.നി. 1 കൊരി. 7:14.

ലൂക്കൊ. 14:12 അവനെ ക്ഷണിച്ചവനോടും അവൻ പറഞ്ഞു, നീ പ്രഭാതഭക്ഷണമോ അത്താഴമോ ഉണ്ടാക്കുമ്പോൾ, നിന്നെ തിരികെ ക്ഷണിച്ചു നിനക്കു മടക്കി നൽകാതിരിക്കേണ്ടതിന്, നിന്റെ സ്നേഹിതരെയോ നിന്റെ സഹോദരങ്ങളെയോ നിന്റെ ബന്ധുക്കളെയോ നിന്റെ സമ്പന്നരായ അയൽക്കാരെയോ വിളിക്കരുത്.

ലൂക്കൊ. 14:13 എന്നാൽ നീ സൽക്കാരം നൽകുമ്പോൾ, ദരിദ്രർ, അംഗവൈകല്യമുള്ളവർ, മുടന്തർ, കുരുടർ എന്നിവരെ ക്ഷണിക്കുക.

| | |
|---|---|
| ലൂക്കൊ. 14:14 | നിനക്കു തിരിച്ചു നൽകുവാൻ അവർക്ക് ഒന്നുമില്ലാത്തതിനാൽ നീ അനുഗൃഹീതനാകും; നീതിമാന്മാരുടെ പുനരുത്ഥാനത്തിൽ നിനക്ക് അതു മടക്കി നൽകപ്പെടും. |
| 1 കൊരി. 7:14 | എന്തെന്നാൽ അവിശ്വാസിയായ ഭർത്താവ് ഭാര്യയാലും, അവിശ്വാസിയായ ഭാര്യ സഹോദരനാലും വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു; അല്ലെങ്കിൽ നിങ്ങളുടെ മക്കൾ അശുദ്ധരാകുന്നു, ഇപ്പോഴോ അവർ വിശുദ്ധരാകുന്നു. |

4. സ്വയത്തിൽനിന്നുള്ളതെല്ലാം ഉപേക്ഷിച്ച് പൂർണമായും ദൈവത്തിൽ ആശ്രയിക്കാൻ നമ്മെ ഇടയാക്കുന്നതിന്, നാം എത്ര ഭയാനകരും, മ്ലേച്ഛരും, അറപ്പുളവാക്കുന്നവരുമാണെന്ന് നമ്മെ കാണിക്കാൻ കർത്താവ് നമ്മുടെ പരാജയങ്ങളെ ഉപയോഗിക്കുന്നു—സങ്കീ. 51; ലൂക്കൊ. 22:31-32; റോമ. 8:28.

| | |
|---|---|
| സങ്കീ. 51:1 | സംഗീതപ്രമാണിക്കു; ദാവീദിന്റെ ഒരു സങ്കീർത്തനം. അവൻ ബത്ശേബയുടെ അടുക്കൽ ചെന്നശേഷം നാഥാൻ പ്രവാചകൻ അവന്റെ അടുക്കൽ വന്നപ്പോൾ ചമെച്ചതു. ദൈവമേ, നിന്റെ ദയെക്കു തക്കവണ്ണം എന്നോടു കൃപയുണ്ടാകേണമേ; നിന്റെ കരുണയുടെ ബഹുത്വപ്രകാരം എന്റെ ലംഘനങ്ങളെ മായിച്ചുകളയേണമേ. |
| സങ്കീ. 51:2 | എന്നെ നന്നായി കഴുകി എന്റെ അകൃത്യം പോക്കേണമേ; എന്റെ പാപം നീക്കി എന്നെ വെടിപ്പാക്കേണമേ. |
| സങ്കീ. 51:3 | എന്റെ ലംഘനങ്ങളെ ഞാൻ അറിയുന്നു; എന്റെ പാപം എപ്പോഴും എന്റെ മുമ്പിൽ ഇരിക്കുന്നു. |
| സങ്കീ. 51:4 | നിന്നോടു തന്നേ ഞാൻ പാപം ചെയ്തു; നിനക്കു അനിഷ്ടമായുള്ളതു ഞാൻ ചെയ്തിരിക്കുന്നു. സംസാരിക്കുമ്പോൾ നീ നീതിമാനായും വിധിക്കുമ്പോൾ നിർമ്മലനായും ഇരിക്കേണ്ടതിന്നു തന്നേ. |
| സങ്കീ. 51:5 | ഇതാ, ഞാൻ അകൃത്യത്തിൽ ഉരുവായി; പാപത്തിൽ എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു. |
| സങ്കീ. 51:6 | അന്തർഭാഗത്തിലെ സത്യമല്ലോ നീ ഇച്ഛിക്കുന്നതു; അന്തരംഗത്തിൽ എന്നെ ജ്ഞാനം ഗ്രഹിപ്പിക്കേണമേ. |
| സങ്കീ. 51:7 | ഞാൻ നിർമ്മലനാകേണ്ടതിന്നു ഈസോപ്പുകൊണ്ടു എന്നെ ശുദ്ധീകരിക്കേണമേ; ഞാൻ ഹിമത്തെക്കാൾ വെളുക്കേണ്ടതിന്നു എന്നെ കഴുകേണമേ. |
| സങ്കീ. 51:8 | സന്തോഷവും ആനന്ദവും എന്നെ കേൾക്കുമാറാക്കേണമേ; നീ ഒടിച്ച അസ്ഥികൾ ഉല്ലസിക്കട്ടെ. |
| സങ്കീ. 51:9 | എന്റെ പാപങ്ങളെ കാണാതവണ്ണം നിന്റെ മുഖം മറെക്കേണമേ. എന്റെ അകൃത്യങ്ങളെ ഒക്കെയും |

മായിച്ചു കളയേണമേ.

| | |
|---|---|
| സങ്കീ. 51:10 | ദൈവമേ, നിർമ്മലമായോരു ഹൃദയം എന്നിൽ സൃഷ്ടിച്ചു സ്ഥിരമായോരാത്മാവിനെ എന്നിൽ പുതുക്കേണമേ. |
| സങ്കീ. 51:11 | നിന്റെ സന്നിധിയിൽനിന്നു എന്നെ തള്ളിക്കളയരുതേ; നിന്റെ വിശുദ്ധിയുടെ ആത്മാവിനെ എന്നിൽനിന്നു എടുക്കയുമരുതേ. |
| സങ്കീ. 51:12 | നിന്റെ രക്ഷയുടെ സന്തോഷം എനിക്കു തിരികെ തരേണമേ; മനസ്സൊരുക്കമുള്ള ആത്മാവിനാൽ എന്നെ താങ്ങേണമേ. |
| സങ്കീ. 51:13 | അപ്പോൾ ഞാൻ അതിക്രമക്കാരോടു നിന്റെ വഴികളെ ഉപദേശിക്കും; പാപികൾ നിങ്കലേക്കു മനംതിരിയും. |
| സങ്കീ. 51:14 | എന്റെ രക്ഷയുടെ ദൈവമായ ദൈവമേ, രക്തപാതകത്തിൽനിന്നു എന്നെ വിടുവിക്കേണമേ; എന്നാൽ എന്റെ നാവു നിന്റെ നീതിയെ ഘോഷിക്കും. |
| സങ്കീ. 51:15 | കർത്താവേ, എന്റെ അധരങ്ങളെ തുറക്കേണമേ; എന്നാൽ എന്റെ വായ് നിന്റെ സ്തുതിയെ വർണ്ണിക്കും. |
| സങ്കീ. 51:16 | ഹനനയാഗം നീ ഇച്ഛിക്കുന്നില്ല; അല്ലെങ്കിൽ ഞാൻ അർപ്പിക്കുമായിരുന്നു; ഹോമയാഗത്തിൽ നിനക്കു പ്രസാദവുമില്ല. |
| സങ്കീ. 51:17 | ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്സു; തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ, ദൈവമേ, നീ നിരസിക്കയില്ല. |
| സങ്കീ. 51:18 | നിന്റെ പ്രസാദപ്രകാരം സീയോനോടു നന്മ ചെയ്യേണമേ; യെരൂശലേമിന്റെ മതിലുകളെ പണിയേണമേ; |
| സങ്കീ. 51:19 | അപ്പോൾ നീ നീതിയാഗങ്ങളിലും ഹോമയാഗങ്ങളിലും സർവ്വാംഗഹോമങ്ങളിലും പ്രസാദിക്കും; അപ്പോൾ നിന്റെ യാഗപീഠത്തിന്മേൽ കാളകളെ അർപ്പിക്കും. |
| ലൂക്കൊ. 22:31 | ശിമോനേ, ശിമോനേ, ഇതാ, സാത്താൻ നിങ്ങളെ ഗോതമ്പുപോലെ പാറ്റുവാൻ ചോദിച്ചിരിക്കുന്നു. |
| ലൂക്കൊ. 22:32 | എന്നാൽ ഞാൻ നിന്നെ സംബന്ധിച്ച്, നിന്റെ വിശ്വാസം നിലച്ചുപോകാതിരിക്കേണ്ടതിന് അപേക്ഷിച്ചിരിക്കുന്നു; നീയോ, വീണ്ടും തിരിഞ്ഞ ശേഷം, നിന്റെ സഹോദരന്മാരെ ഉറപ്പിക്കുക. |
| റോമ. 8:28 | ദൈവത്തെ സ്നേഹിക്കുന്നവർക്ക്, തന്റെ ഉദ്ദേശ്യപ്രകാരം വിളിക്കപ്പെട്ടവർക്ക്, സകല കാര്യങ്ങളും നന്മയ്ക്കായി ഒന്നിച്ച് പ്രവർത്തിക്കുന്നു എന്ന് നാം അറിയുന്നു. |

E. ക്രിസ്തുവിനെ അകൃത്യയാഗത്തിന്റെ യാഥാർഥ്യമായി എടുക്കുക എന്നതിനർഥം, ജീവന്റെ കൂട്ടായ്മയിൽ ജീവസഹായമായി അവനെ ആസ്വദിക്കുന്നതിന്, അവനെ വീണ്ടെടുപ്പുകാരനായും, പ്രകാശിക്കുന്നവനായും, വാഴുന്നവനായും അനുഭവമാക്കുക എന്നാണ്—1 യോഹ. 1:1—2:2; വെളി. 21:21, 23; 22:1-2:

| | |
|---|---|
| 1 യോഹ. 1:1 | ആദിമുതലുള്ളതും, ഞങ്ങൾ കേട്ടതും, ഞങ്ങളുടെ കണ്ണുകൾ കൊണ്ട് കണ്ടതും, ഞങ്ങൾ നോക്കിയതും ഞങ്ങളുടെ കൈകൾ കൈകാര്യം ചെയ്തതുമായ, ജീവന്റെ വചനം സംബന്ധിച്ച്, |
| 1 യോഹ. 1:2 | (ജീവൻ വെളിവായി, പിതാവിനോടുകൂടെ ഉണ്ടായിരുന്നതും ഞങ്ങൾക്ക് വെളിവായതുമായ, നിത്യജീവനെ ഞങ്ങൾ കണ്ടിരിക്കുകയും നിങ്ങളോട് സാക്ഷ്യപ്പെടുത്തുകയും അറിയിക്കുകയും ചെയ്യുന്നു); |
| 1 യോഹ. 1:3 | ഞങ്ങൾ കണ്ടതും കേട്ടതും, നിങ്ങൾക്കു ഞങ്ങളോടുകൂടെ കൂട്ടായ്മ ഉണ്ടാകേണ്ടതിന് നിങ്ങളോട് അറിയിക്കുന്നു, ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടുകൂടെയും അവന്റെ പുത്രനായ യേശു ക്രിസ്തുവിനോടുകൂടെയും ആകുന്നു. |
| 1 യോഹ. 1:4 | ഞങ്ങളുടെ സന്തോഷം പൂർണമാകേണ്ടതിന് ഞങ്ങൾ ഈ കാര്യങ്ങൾ എഴുതുന്നു. |
| 1 യോഹ. 1:5 | ഇതു കൂടാതെ, ദൈവം വെളിച്ചം ആകുന്നു എന്നും അവനിൽ ഇരുട്ട് ഒട്ടുമില്ല എന്നും ഞങ്ങൾ അവനിൽനിന്നു കേട്ട് നിങ്ങളോട് അറിയിക്കുന്ന ദൂതാകുന്നു. |
| 1 യോഹ. 1:6 | നമുക്ക് അവനോടു കൂട്ടായ്മ ഉണ്ടെന്ന് പറയുകയും, എന്നാൽ ഇരുട്ടിൽ നടക്കുകയും ചെയ്യുന്നുവെങ്കിൽ, നാം കള്ളം പറയുന്നു, സത്യം അഭ്യസിക്കുന്നതുമില്ല. |
| 1 യോഹ. 1:7 | എന്നാൽ അവൻ വെളിച്ചത്തിൽ ആയിരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ, നമുക്ക് അന്യോന്യം കൂട്ടായ്മയുണ്ട്, അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപത്തിൽനിന്നും നമ്മെ ശുദ്ധീകരിക്കുന്നു. |
| 1 യോഹ. 1:8 | നമുക്ക് പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ, നാം നമ്മെത്തന്നെ വഞ്ചിക്കുന്നു, സത്യം നമ്മിൽ ഇല്ല. |
| 1 യോഹ. 1:9 | നാം നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ, നമ്മുടെ പാപങ്ങൾ ക്ഷമിച്ച്, സകല അനീതിയിൽനിന്നും നമ്മെ ശുദ്ധീകരിക്കുവാൻ അവൻ വിശ്വസ്തനും നീതിമാനും ആകുന്നു. |
| 1 യോഹ. 1:10 | നാം പാപം ചെയ്തിട്ടില്ല എന്നു പറയുന്നു എങ്കിൽ, നാം അവനെ അസത്യവാദിയാക്കുന്നു, അവന്റെ വചനം നമ്മിൽ ഇല്ല. |
| 1 യോഹ. 2:1 | എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ പാപം ചെയ്യാതിരിക്കേണ്ടതിന് ഞാൻ ഈ കാര്യങ്ങൾ നിങ്ങൾക്ക് എഴുതുന്നു. ഒരുവൻ പാപം ചെയ്യുന്നുവെങ്കിലോ, നീതിമാനായ യേശു ക്രിസ്തു എന്ന കാര്യസ്ഥൻ നമുക്ക് പിതാവിന്റെ അടുക്കലുണ്ട്; |
| 1 യോഹ. 2:2 | അവൻതന്നെ നമ്മുടെ പാപങ്ങൾക്കുവേണ്ടിയുള്ള അനുനയം ആകുന്നു, നമ്മുടേതിനു മാത്രമല്ല സർവലോകത്തിലുള്ളവരുടേതിനുമത്രേ. |
| വെളി. 21:21 | പന്ത്രണ്ടു കവാടങ്ങൾ പന്ത്രണ്ടു മുത്തുകൾ ആയിരുന്നു; ഓരോ കവാടവും ഓരോ മുത്തുകൊണ്ടുള്ളതായിരുന്നു. |

നഗരത്തിന്റെ വീഥി സുതാര്യമായ കണ്ണാടിപോലെ ശുദ്ധതങ്കം ആയിരുന്നു.

വെളി. 21:23 നഗരത്തിൽ പ്രകാശിക്കുവാൻ സൂര്യനോ ചന്ദ്രനോ ആവശ്യമില്ല, ദൈവതേജസ്സ് അതിനെ പ്രകാശിപ്പിച്ചു, കുഞ്ഞാട് അതിന്റെ വിളക്കാകുന്നു.

വെളി. 22:1 വീഥിയുടെ നടുവിൽ, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായ, പളുങ്കുപോലെ ശുഭ്രമായ, ജീവജല നദി അവൻ എന്നെ കാണിച്ചു.

വെളി. 22:2 നദിയുടെ ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉണ്ടായിരുന്നു, അത് പന്ത്രണ്ടു ഫലം പുറപ്പെടുവിച്ചുകൊണ്ട്, ഓരോ മാസവും അതിന്റെ ഫലം കായ്ക്കുന്നു; വൃക്ഷത്തിന്റെ ഇലകൾ, രാഷ്ട്രങ്ങളുടെ സൗഖ്യത്തിനു വേണ്ടിയാകുന്നു.

1. ക്രിസ്തുവിനെ നമ്മുടെ അകൃത്യയാഗമായി എടുക്കുന്നതിൽ, നല്ലതും നിർമ്മലവുമായ ഒരു മനസ്സാക്ഷി ഉണ്ടായിരിക്കുന്നതിന് നമ്മുടെ എല്ലാ പാപങ്ങളെയും അശുദ്ധിയെയും കുറിച്ച് നാം സമഗ്രമായി ഏറ്റുപറയണം—പ്രവൃ. 24:16; 1 തിമൊ. 1:5, 19; 3:9; 2 തിമൊ. 1:3; എബ്രാ. 9:14; 10:22.

പ്രവൃ. 24:16 ഇതുനിമിത്തം ദൈവത്തോടും മനുഷ്യരോടും കുറ്റമില്ലാത്ത മനസ്സാക്ഷി എല്ലായ്പ്പോഴും ഉണ്ടായിരിക്കുവാൻ ഞാൻ അഭ്യസിക്കുന്നു.

1 തിമൊ. 1:5 എന്നാൽ ആജ്ഞയുടെ ഉദ്ദേശ്യം ശുദ്ധ ഹൃദയത്തിൽനിന്നും നല്ല മനസ്സാക്ഷിയിൽനിന്നും നിർവ്യാജ വിശ്വാസത്തിൽനിന്നും ഉളവാകുന്ന സ്നേഹമാകുന്നു;

1 തിമൊ. 1:19 വിശ്വാസവും നല്ല മനസ്സാക്ഷിയും പിടിച്ചുകൊള്ളുക, ചിലർ ഇവയെ തള്ളിക്കളഞ്ഞ്, വിശ്വാസം സംബന്ധിച്ച് കപ്പൽച്ചേതം സംഭവിച്ചവരായിത്തീർന്നു;

1 തിമൊ. 3:9 വിശ്വാസത്തിന്റെ മർമ്മം ശുദ്ധമനസ്സാക്ഷിയിൽ പിടിച്ചുകൊള്ളുന്നവർ ആയിരിക്കണം.

2 തിമൊ. 1:3 രാവും പകലും എന്റെ യാചനകളിൽ നിന്നെക്കുറിച്ച് എനിക്ക് ഇടവിടാതെ സ്മരണ ഉണ്ടായിരിക്കേ, നിന്റെ കണ്ണുനീർ ഓർത്ത്, ഞാൻ സന്തോഷത്താൽ നിറയേണ്ടതിന് നിന്നെ കാണുവാൻ വാഞ്ഛിച്ചുകൊണ്ട്,

എബ്രാ. 9:14 നിത്യാത്മാവിലൂടെ നിഷ്കളങ്കനായി തന്നെത്താൻ ദൈവത്തിന് അർപ്പിച്ച ക്രിസ്തുവിന്റെ രക്തം, ജീവനുള്ള ദൈവത്തെ സേവിക്കുവാൻ നമ്മുടെ മനസ്സാക്ഷിയെ നിർജീവ പ്രവൃത്തികളിൽനിന്ന് എത്രയധികം ശുദ്ധീകരിക്കും?

എബ്രാ. 10:22 ദുർമനസ്സാക്ഷിയിൽ നിന്നു നമ്മുടെ ഹൃദയങ്ങൾ തളിക്കപ്പെട്ടും നിർമല ജലത്താൽ നമ്മുടെ ശരീരങ്ങൾ കഴുകപ്പെട്ടും, വിശ്വാസത്തിന്റെ പൂർണനിശ്ചയത്തിൽ പരമാർഥ ഹൃദയത്തോടെ നമുക്ക് അതിവിശുദ്ധസ്ഥലത്തേക്ക് മുമ്പോട്ട് കടന്നുവരാം.

2. നമ്മുടെ പാപങ്ങൾ ഏറ്റുപറയുകയാണെങ്കിൽ, ദൈവം നമ്മുടെ പാപങ്ങൾ ക്ഷമിക്കാൻ തന്റെ വചനത്തിൽ വിശ്വസ്തനും, എല്ലാ അനീതിയിൽനിന്നും നമ്മെ ശുദ്ധീകരിക്കുവാൻ തന്റെ വീണ്ടെടുപ്പിൽ നീതിമാനുമാണ്; കൂടാതെ, ദിവ്യ കൂട്ടായ്മയുടെ ആസ്വാദനത്തിൽ നാം വസിക്കേണ്ടതിന്, പിതാവുമായുള്ള നമ്മുടെ തടസ്സപ്പെട്ട കൂട്ടായ്മ പുനഃസ്ഥാപിക്കാൻ നമ്മുടെ ജ്യേഷ്ഠ സഹോദരൻ എന്ന നിലയിൽ ക്രിസ്തു പിതാവിന്റെ അടുക്കൽ നമ്മുടെ കാര്യസ്ഥനാണ്—1 യോഹ. 1:7, 9; 2:1-2.

| | |
|---|---|
| 1 യോഹ. 1:7 | എന്നാൽ അവൻ വെളിച്ചത്തിൽ ആയിരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ, നമുക്ക് അന്യോന്യം കൂട്ടായ്മയുണ്ട്, അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപത്തിൽനിന്നും നമ്മെ ശുദ്ധീകരിക്കുന്നു. |
| 1 യോഹ. 1:9 | നാം നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ, നമ്മുടെ പാപങ്ങൾ ക്ഷമിച്ച്, സകല അനീതിയിൽനിന്നും നമ്മെ ശുദ്ധീകരിക്കുവാൻ അവൻ വിശ്വസ്തനും നീതിമാനും ആകുന്നു. |
| 1 യോഹ. 2:1 | എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ പാപം ചെയ്യാതിരിക്കേണ്ടതിന് ഞാൻ ഈ കാര്യങ്ങൾ നിങ്ങൾക്ക് എഴുതുന്നു. ഒരുവൻ പാപം ചെയ്യുന്നുവെങ്കിലോ, നീതിമാനായ യേശു ക്രിസ്തു എന്ന കാര്യസ്ഥൻ നമുക്ക് പിതാവിന്റെ അടുക്കലുണ്ട്; |
| 1 യോഹ. 2:2 | അവൻതന്നെ നമ്മുടെ പാപങ്ങൾക്കുവേണ്ടിയുള്ള അനുനയം ആകുന്നു, നമ്മുടേതിനു മാത്രമല്ല സർവലോകത്തിലുള്ളവരുടേതിനുമത്രേ. |

3. ദൈവപുത്രനായ യേശുവിന്റെ രക്തത്തിന്റെ ശുദ്ധീകരണം ദൈവത്തിൽനിന്നുള്ള വേർപാടിന്റെ പ്രശ്നവും, നമ്മുടെ മനസ്സാക്ഷിയിലെ കുറ്റബോധത്തിന്റെ പ്രശ്നവും, സാത്താനിൽനിന്നുള്ള കുറ്റാരോപണങ്ങളുടെ പ്രശ്നവും പരിഹരിക്കുന്നു, അങ്ങനെ ദൈവസാന്നിധ്യം നിറഞ്ഞ ഒരു ദൈനംദിന ജീവിതം നയിക്കാൻ നമ്മെ പ്രാപ്തരാക്കുന്നു—സങ്കീ. 103:1-4, 12-13; 32:1-2; വെളി. 12:10-11.

| | |
|---|---|
| സങ്കീ. 103:1 | ദാവീദിന്റെ ഒരു സങ്കീർത്തനം. എൻ മനമേ, യഹോവയെ വാഴ്ത്തുക; എന്റെ സർവ്വാന്തരംഗവുമേ, അവന്റെ വിശുദ്ധനാമത്തെ വാഴ്ത്തുക. |
| സങ്കീ. 103:2 | എൻ മനമേ, യഹോവയെ വാഴ്ത്തുക; അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുതു. |
| സങ്കീ. 103:3 | അവൻ നിന്റെ അകൃത്യം ഒക്കെയും മോചിക്കുന്നു; നിന്റെ സകലരോഗങ്ങളെയും സൗഖ്യമാക്കുന്നു; |
| സങ്കീ. 103:4 | അവൻ നിന്റെ ജീവനെ നാശത്തിൽനിന്നു വീണ്ടെടുക്കുന്നു; അവൻ ദയയും കരുണയും നിന്നെ അണിയിക്കുന്നു. |
| സങ്കീ. 103:12 | ഉദയം അസ്തമയത്തോടു അകന്നിരിക്കുന്നതുപോലെ അവൻ നമ്മുടെ ലംഘനങ്ങളെ നമ്മോടു |

| | |
|---|---|
| | അകറ്റിയിരിക്കുന്നു. |
| സങ്കീ. 103:13 | അപ്പന്നു മക്കളോടു കരുണ തോന്നുന്നതുപോലെ യഹോവെക്കു തന്റെ ഭക്തന്മാരോടു കരുണ തോന്നുന്നു. |
| സങ്കീ. 32:1 | ദാവീദിന്റെ ഒരു ധ്യാനം. ലംഘനം ക്ഷമിച്ചും പാപം മറെച്ചും കിട്ടിയവൻ ഭാഗ്യവാൻ. |
| സങ്കീ. 32:2 | യഹോവ അകൃത്യം കണക്കിടാതെയും ആത്മാവിൽ കപടം ഇല്ലാതെയും ഇരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ. |
| വെളി. 12:10 | അപ്പോൾ ഞാൻ സ്വർഗത്തിൽ ഒരു മഹാശബ്ദം പറഞ്ഞു കേട്ടത്, ഇപ്പോൾ നമ്മുടെ ദൈവത്തിന്റെ രക്ഷയും ശക്തിയും രാജ്യവും അവന്റെ ക്രിസ്തുവിന്റെ അധികാരവും വന്നിരിക്കുന്നു, എന്തെന്നാൽ നമ്മുടെ സഹോദരന്മാരെ രാപ്പകൽ നമ്മുടെ ദൈവത്തിനു മുമ്പാകെ കുറ്റം ചുമത്തുന്ന ആരോപകനെ താഴേക്ക് എറിഞ്ഞുകളഞ്ഞിരിക്കുന്നു. |
| വെളി. 12:11 | അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായും ജയിച്ചു, മരണത്തോളം തങ്ങളുടെ ദേഹിജീവനെ സ്നേഹിച്ചതുമില്ല. |

4. ദിവ്യ വെളിച്ചത്തിൽ നമ്മുടെ പാപങ്ങളെ ഏറ്റുപറഞ്ഞ് ക്രിസ്തുവിനെ നമ്മുടെ അകൃത്യയാഗമായി എടുക്കുന്നതാണ് പുതിയ യെരൂശലേം ആയിത്തീരുന്നതിന് നമുക്ക് ജീവജലമായി ക്രിസ്തുവിനെ കുടിക്കുവാനുള്ള മാർഗം—യോഹ. 4:14-18.

| | |
|---|---|
| യോഹ. 4:14 | എന്നാൽ ഞാൻ അവനു നൽകുവാൻ പോകുന്ന വെള്ളത്തിൽനിന്ന് കുടിക്കുന്ന ഏവനും ഒരുവിധത്തിലും ഒരുനാളും ദാഹിക്കയില്ല; എന്നാൽ ഞാൻ അവനു നൽകുവാൻ പോകുന്ന വെള്ളം അവനിൽ നിത്യജീവനിലേക്ക് പ്രവഹിച്ചുയരുന്ന നീരുറവയായിത്തീരും എന്ന് ഉത്തരം പറഞ്ഞു. |
| യോഹ. 4:15 | സ്ത്രീ അവനോട്, യജമാനനേ, ഞാൻ ദാഹിക്കാതെയും കോരുവാൻ ഇവിടേയ്ക്കു വരാതെയും ഇരിക്കേണ്ടതിന്, ഈ വെള്ളം എനിക്കു നൽകേണം എന്നു പറഞ്ഞു. |
| യോഹ. 4:16 | അവൻ അവളോട്, പോയി നിന്റെ ഭർത്താവിനെ വിളിച്ചുകൊണ്ട് ഇവിടെ വരുക എന്നു പറഞ്ഞു. |
| യോഹ. 4:17 | സ്ത്രീ അവനോട്, എനിക്കു ഭർത്താവില്ല എന്ന് ഉത്തരം പറഞ്ഞു. യേശു അവളോട്, നിനക്കു ഭർത്താവില്ല എന്നു നീ നന്നായി പറഞ്ഞിരിക്കുന്നു, |
| യോഹ. 4:18 | എന്തെന്നാൽ നിനക്ക് അഞ്ച് ഭർത്താക്കന്മാർ ഉണ്ടായിരുന്നു, ഇപ്പോഴുള്ളവനോ നിന്റെ ഭർത്താവല്ല; ഇതു നീ സത്യമായി പറഞ്ഞിരിക്കുന്നു എന്നു പറഞ്ഞു. |

5. പാപമോചനം പ്രാപിക്കുന്നതിനായി ക്രിസ്തുവിനെ നമ്മുടെ അകൃത്യയാഗമായി എടുക്കുന്നത് ദൈവത്തെ ഭയപ്പെടുന്നതിലും ദൈവത്തെ സ്നേഹിക്കുന്നതിലും പരിണമിക്കുന്നു—സങ്കീ. 130:4; ലൂക്കൊ. 7:47-50.

| | |
|---|---|
| സങ്കീ. 130:4 | എങ്കിലും നിന്നെ ഭയപ്പെടുവാൻ തക്കവണ്ണം നിന്റെ പക്കൽ വിമോചനം ഉണ്ടു. |
| ലൂക്കൊ. 7:47 | ഇക്കാരണത്താൽ ഞാൻ നിന്നോടു പറയുന്നു, അനേകമായ അവളുടെ പാപങ്ങൾ ക്ഷമിച്ചിരിക്കുന്നു, എന്തുകൊണ്ടെന്നാൽ അവൾ അധികം സ്നേഹിച്ചു; എന്നാൽ ആരോടു കുറച്ചു ക്ഷമിച്ചിരിക്കുന്നുവോ അവൻ കുറച്ചു സ്നേഹിക്കുന്നു. |
| ലൂക്കൊ. 7:48 | അവൻ അവളോട്, നിന്റെ പാപങ്ങൾ ക്ഷമിച്ചിരിക്കുന്നു എന്നു പറഞ്ഞു. |
| ലൂക്കൊ. 7:49 | അവനോടൊപ്പം മേശയിങ്കൽ ഇരുന്നവർ തങ്ങളുടെ ഉള്ളിൽത്തന്നെ, പാപങ്ങൾ ക്ഷമിക്കുകപോലും ചെയ്യുന്ന ഇവൻ ആർ? എന്നു പറയുവാൻ തുടങ്ങി. |
| ലൂക്കൊ. 7:50 | എന്നാൽ അവൻ സ്ത്രീയോട്, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്തിൽ പോകുക എന്നു പറഞ്ഞു. |

**IV. ദിവ്യ കൂട്ടായ്മയിൽ നാം ക്രിസ്തുവിനെ ആസ്വദിക്കുമ്പോൾ, നമ്മുടെ ആത്മിക ജീവിതത്തിൽ നാല് നിർണായക കാര്യങ്ങളുടെ ഒരു ചക്രം നാം തുടർച്ചയായി അനുഭവമാക്കുന്നു—നിത്യജീവൻ, നിത്യജീവന്റെ കൂട്ടായ്മ, ദിവ്യവെളിച്ചം, ദൈവപുത്രനായ യേശുവിന്റെ രക്തം; അങ്ങനെയുള്ള ചക്രം പൂർണവളർച്ച പ്രാപിച്ച മനുഷ്യനിലേക്ക്, ക്രിസ്തുവിന്റെ നിറവിന്റെ വലിപ്പത്തിന്റെ അളവിലേക്ക് നാം സംഘാതമായി എത്തുവാൻ ജീവന്റെ പക്വതയിൽ എത്തിച്ചേരുവോളം ദിവ്യ ജീവന്റെ വളർച്ചയിൽ നമ്മെ മുന്നോട്ട് കൊണ്ടുപോകുന്നു—1 യോഹ. 1:1-9; എബ്രാ. 6:1; എഫെ. 4:13.**

| | |
|---|---|
| 1 യോഹ. 1:1 | ആദിമുതലുള്ളതും, ഞങ്ങൾ കേട്ടതും, ഞങ്ങളുടെ കണ്ണുകൾ കൊണ്ട് കണ്ടതും, ഞങ്ങൾ നോക്കിയതും ഞങ്ങളുടെ കൈകൾ കൈകാര്യം ചെയ്തതുമായ, ജീവന്റെ വചനം സംബന്ധിച്ച്, |
| 1 യോഹ. 1:2 | (ജീവൻ വെളിവായി, പിതാവിനോടുകൂടെ ഉണ്ടായിരുന്നതും ഞങ്ങൾക്ക് വെളിവായതുമായ, നിത്യജീവനെ ഞങ്ങൾ കണ്ടിരിക്കുകയും നിങ്ങളോട് സാക്ഷ്യപ്പെടുത്തുകയും അറിയിക്കുകയും ചെയ്യുന്നു); |
| 1 യോഹ. 1:3 | ഞങ്ങൾ കണ്ടതും കേട്ടതും, നിങ്ങൾക്കു ഞങ്ങളോടുകൂടെ കൂട്ടായ്മ ഉണ്ടാകേണ്ടതിന് നിങ്ങളോട് അറിയിക്കുന്നു, ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടുകൂടെയും അവന്റെ പുത്രനായ യേശു ക്രിസ്തുവിനോടുകൂടെയും ആകുന്നു. |
| 1 യോഹ. 1:4 | ഞങ്ങളുടെ സന്തോഷം പൂർണമാകേണ്ടതിന് ഞങ്ങൾ ഈ കാര്യങ്ങൾ എഴുതുന്നു. |
| 1 യോഹ. 1:5 | ഇതു കൂടാതെ, ദൈവം വെളിച്ചം ആകുന്നു എന്നും അവനിൽ ഇരുട്ട് ഒട്ടുമില്ല എന്നും ഞങ്ങൾ അവനിൽനിന്നു കേട്ട് |

നിങ്ങളോട് അറിയിക്കുന്ന ദൂതാകുന്നു.

1 യോഹ. 1:6 നമുക്ക് അവനോടു കൂട്ടായ്മ ഉണ്ടെന്ന് പറയുകയും, എന്നാൽ ഇരുട്ടിൽ നടക്കുകയും ചെയ്യുന്നുവെങ്കിൽ, നാം കള്ളം പറയുന്നു, സത്യം അഭ്യസിക്കുന്നതുമില്ല.

1 യോഹ. 1:7 എന്നാൽ അവൻ വെളിച്ചത്തിൽ ആയിരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ, നമുക്ക് അന്യോന്യം കൂട്ടായ്മയുണ്ട്, അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപത്തിൽനിന്നും നമ്മെ ശുദ്ധീകരിക്കുന്നു.

1 യോഹ. 1:8 നമുക്ക് പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ, നാം നമ്മെത്തന്നെ വഞ്ചിക്കുന്നു, സത്യം നമ്മിൽ ഇല്ല.

1 യോഹ. 1:9 നാം നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ, നമ്മുടെ പാപങ്ങൾ ക്ഷമിച്ച്, സകല അനീതിയിൽനിന്നും നമ്മെ ശുദ്ധീകരിക്കുവാൻ അവൻ വിശ്വസ്തനും നീതിമാനും ആകുന്നു.

എബ്രാ. 6:1 അതുകൊണ്ട് ക്രിസ്തുവിന്റെ, ആരംഭവചനം വിട്ടുകളഞ്ഞിട്ട്, നിർജീവപ്രവൃത്തികളിൽ നിന്നുള്ള മാനസാന്തരത്തിന്റെയും ദൈവത്തിലുള്ള വിശ്വാസത്തിന്റെയും,

എഫെ. 4:13 ക്രിസ്തുവിന്റെ ശരീരത്തിന്റെ, കെട്ടുപണിക്കായി, ശുശ്രൂഷയുടെ വേലയ്ക്കായി, വിശുദ്ധന്മാരുടെ തികവിനു വേണ്ടി ആകുന്നു,